ഓർത്തൊഡോക്സ് സഭ.

മലങ്കര ഓർത്തൊഡോക്സ് സുറിയാനിസഭ വക

ഒരു ക്രൈസ്തവ മാസിക.

Vol. 4. | Karkadakom 1116. | No: 12.



നമ്മുടെ പിതാ

വി. മാ

വിഷയവിവരം.

സഭാപഞ്ചാംഗം (1117 കന്നി)

(മലയാളക്കണക്കിന്)

.5–ാംനു-ശ്ലീബായുടെ ശേഷം നാലാം ഞായറാഴ്ച ദൈവമാതാവിന്റെ ജനനം

6 ,, ദൈവമാതാവിന്റെ മാതാവായ യൂനാക്കീമിന്റെയും ഹന്നായുടെയും ഓർമ്മ,

7 ,, മാർ യൂലിയോസ് അൽവാറീസ് മെത്രാപ്പോലീത്തായുടെ ഓർമ്മ. (ഇൻഡ്യ സിലോൺ)

11 ,, * വി: സ്ലീബാ പെരുനാൾ:

12 , വി: സ്ലീബാപെരുനാളിനു ശേഷം ഒന്നാം ഞായറാഴ്ച

17 ,, മാർ ബസ്സേലിയോസ് കാതോലിക്കാ ബാവായുടെ ഓർമ്മ (കോതമംഗലം പള്ളി) ശിമഓൻ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ഓർമ്മ (കട്ടച്ചിറമംഗലം പള്ളി)

19 ,, വി. സ്ലീബാപ്പെരുനാളിനു ശേഷം രണ്ടാം ഞായറാഴ്ച.

21 ,, മാർ ദേമത്തിന്റെ ഓർമ്മ.

23 ,, മാർ പത്രോസ് പാത്രിയർക്കീസു ബാവായുടെ ഓർമ്മ,

26 ,, വി. സ്ലീബാപെരുനാളിനു ശേഷം മൂന്നാം ഞായറാഴ്ച

28 ,, മാർ ആദായിശ്ലീഹായുടെയും ഒക്ലാസ്സുദയറായുടെ മാർ അബ്രഹാമിസഹദാ എന്ന മഹീർ ശബ്ബറിന്റെയും മാർ മൽക്കയുടെയും ഓർമ്മ

പരിഷ്കരിച്ച കുർബാന.

ബ: അബ്ദുൽ അഹദ്റമ്പാനുമായി ഞങ്ങളുടെ പ്രതിനിധി നടത്തിയ സംഭാഷണത്തെ തുടർന്ന പിറേറദിവസം (ഞായറാഴ്ച) റമ്പാൻഅവർകൾ സ്ഥലത്തെ "കട്ടപ്പുറത്തുപള്ളി" യിൽ കുർബാന ചൊല്ലുന്നതു കാണാനും ടി പ്രതിനിധി പോയിരുന്നു. ഉദ്ദേശിക്കപ്പെട്ടതുപോലെ അന്നു് അദ്ദേഹം കർബാനമദ്ധ്യേ പറഞ്ഞ പ്രസംഗത്തിൽ കാതോലിക്കാപക്ഷക്കാരെ ചീത്തപറഞ്ഞില്ല എന്നുള്ളതു പ്രത്യേകം പ്രസ്താവ്യമാണ്. പ്രസ്തുത കുർബാനയിൽ കണ്ട മറെറാരു പ്രത്യേകത ഒന്നാമത്തെ തുബ്ദേനിൽ മാർ ബസേലിയോസ്, മാർ ഗ്രീഗോറിയോസ് എന്നീ പാത്രിയർക്കീസന്മാരു[illegible] ട്ടിട്ട മാർ ഇഗ്നാത്തിയോസിന്റെ പേരുമാത്രമെ ചൊല്ലിയുള്ളു [illegible] ടി പാത്രിയർക്കീസുപക്ഷക്കാരുടെ ഇടയിൽ പൊതുവെ ഇദ്ദേ[illegible] തോ ടി റമ്പാന്റെ സ്വമേധാ നടപടിമാത്രമാണോ [illegible] ാരിൽ കാര്യവിവരമുള്ളവരാരെങ്കിലും, [illegible] കാര്യകാരണങ്ങളും ന്യായങ്ങളും പ

ഓർത്തൊഡോക്സ് സഭ.

പുസ്തകം 4. | 1116 കക്കടകം. | ലക്കം 12.

സഭാപഞ്ചാംഗം (1117 ചിങ്ങം)

(മലയാളക്കണക്കിനു്)

1-ാംനു- പെന്തിക്കൊസ്തിയുടെ ശേഷം പത്താം ഞായറാഴ്ച

3 ,, മരുപ്പെരുനാൾ.

8 ,, മരുപ്പെരുനാളിനുശേഷം ഒന്നാം ഞായറാഴ്ച.

9 ,, മാർ അസ്സോസ്സോയേൽ സഹദായുടെ ഓമ്മ.

12 ,, ശൂനോയോ (ദൈവമാതാവിൻെറ വാങ്ങിപ്പ്)പതിനഞ്ചുനോമ്പുവീടൽ അന്ത്യോഖ്യയുടെ മാർഅബ്ദെദ്മശിഹാത്രതീയൻ ബാവായുടെ ഓമ്മ (കുക്കുമാദയറാ)

15 ,, ശൂനോയോയുടെ ശേഷം ഒന്നാം ഞായറാഴ്ച,

16 ,, മാർ ലബ്ബെിശ്ലീഹായുടെ ഓമ്മ.

17 ,, യുയാക്കീ മാർ ക്രുറിലോസുബാവായുടെ ഓമ്മ.

21 ,, മാർ മത്തിയാസ്ശ്ലീഹായുടെ ഓമ്മ.

22 ,, ശൂനോയോയുടെശേഷം രണ്ടാം ഞായറാഴ്ച.

26 ,, മാർ യൂഹാനോൻ മാംദാനായുടെ ശിരഛേദനത്തിൻെറ ഓമ്മ

29 ,, ശൂനോയോയുടെ ശേഷം മൂന്നാം ഞായറാഴ്ച

മംഗളം

സ്ഫീതാജ്ഞാനതമസ്സകററി വിമലശ്രീ ചേത്തു വിജ്ഞാനമാം-
പൂതാപ്പുത്തുവെണ്ണിലാവൊളി ജഗത്തെങ്ങും പരത്തീട്ടഹോ
ചേതോമോഹനമാം മഹദ്ഗുണഗണം ചേന്നോത്തഡോക്സ് മാസികേ,
ജാതാത്യന്തയശസ്സിയന്നുനെടുനാൾ രാജിയ്ക്കുരാജൽപ്രഭം.

നെല്ലിക്കൽ സി. എം. ജോജ്ജു്.

വി: മൂറോനഭിഷേകം. (തുടച്ച്)

(ദിവ്യശ്രീ: ഇ. പി: ജേക്കബ്കു[illegible] എ., ബി. എൽ., ബി. ഡി)

സഭ ക്രിസ്തുവിൻെറ ശ[illegible] നിമ്മിതമാകയാ
ലും അതിലെ പ്രവത്തനങ്ങ[illegible] പ്രകാരം
നടക്കേണ്ടതാകുന്നു. കരുവര[illegible] ൽ

നടക്കേണ്ടതിനു ഒരു പുതിയ മാൎഗ്ഗം അവൻ നിർദ്ദേശിച്ചാൽ അതിനു യാതൊരു അൎത്ഥവും ഉണ്ടായിരിക്കയില്ല. ശരീരത്തിലുള്ള സകലതും അതു നിൎമ്മിച്ചവന്റെ നിയന്ത്രണത്തിൽ ഇരിക്കുന്നു. അതിന്നെ അതിലംഘിക്കുന്നതു ആപൽക്കരമാകുന്നു. അതുപ്രകാരം തന്നെ സഭയ്ക്കുള്ളിലുള്ള പ്രവൎത്തനാരീതി നിശ്ചയിക്കേണ്ടതു അതിലെ അംഗങ്ങളല്ല. അതിന്റെ നാഥനത്രെ. സഭയുടെ ജീവന്റെ ഉറവസ്ഥാനം ക്രിസ്തു എന്നും തന്റെ ജീവനെ ഓരോ അവയവങ്ങളിലേക്കും വ്യാപിപ്പിക്കുന്ന നാഡികളും ഞരമ്പുകളും തന്നാൽ നിയമിതമായിരിക്കുന്ന പട്ടത്വവും ക്രൂദാശകളുമാകുന്നു എന്നും ഞങ്ങൾ വിശ്വസിക്കുന്നു. പട്ടത്വം എന്നതു സഭമേൽ കൎത്തവ്യം നടത്തുവാനുള്ള ഒരു ബാഹ്യസ്ഥാപനമല്ല, സഭയ്ക്കുള്ളിലുള്ള സന്ധികളത്രെ. അതുപോലെതന്നെ ക്രൂദാശകൾ എന്നതു സഭയുടെ പൊതുവായ ജീവന്റെ പ്രകടനവും അതിന്നെ ആവഹിക്കുന്ന അകമെയുള്ള ഇന്ദ്രിയങ്ങളുമാകുന്നു. സഭയുമായുള്ള ഈ അഭേദ്യ ഐക്യത്തെ വിസ്മരിച്ചു സംസാരിക്കുന്ന പക്ഷം പട്ടത്വത്തിനും മററു ക്രൂദാശകൾക്കും യാതൊരു അൎത്ഥവും ഉണ്ടായിരിക്കുന്നതല്ല എന്നുള്ള സത്യവും സ്പഷ്ടമാക്കിക്കൊള്ളട്ടെ. "ശരീരം മുഴുവനും യുക്തമായിചേൎന്നും ഏകീഭവിച്ചും ഓരോ അംഗത്തിന്റെ അതതു വ്യാപാരത്തിനു ഒത്തവണ്ണം ഉതവി ലഭിപ്പാനുള്ള ഏതു സന്ധിയിലും സ്നേഹത്തിലുള്ള വർദ്ധനയ്ക്കായി അവനിൽ നിന്നു വളൎച്ച പ്രാപിക്കുന്നു." ഇതിൽനിന്നു ക്രിസ്തുവിൽ നിന്നുള്ള ജീവൻ പ്രാപിപ്പാൻ ഒരുവൻ തന്റെ ശരീരമാകുന്ന സഭയിൽ സ്ഥിതിചെയ്കയും ശരീരത്തിന്റെ പൊതുനിയമത്തിനു വിധേയമായിരിക്കയും ചെയ്യേണ്ടതു അത്യാവശ്യമെന്നു വ്യക്തമാകുന്നു.

ക്രിസ്തുവും സഭയും ഒന്നാകയാൽ പ്രവാചകൻ, പുരോഹിതൻ, രാജാവു് എന്നീ മൂന്നു നിലയിലുള്ള തന്റെ അധികാരങ്ങൾ താനുമായുള്ള യോജിപ്പു മൂലം സഭയ്ക്കു ലഭിച്ചിരിക്കുന്നു. സഭയെപ്പററി തന്നിൽനിന്നു വിഭിന്നമായ വിധത്തിൽചിന്തിയ്ക്കുമ്പോൾ അതിനു ഈ അധികാരങ്ങൾ ഉണ്ടായിരിക്കയില്ല, സഭ എന്ന പേരിനു അതിനർഹത ഉണ്ടായിരിക്കയുമില്ല. ഈ അധികാരങ്ങളെ സൂചിപ്പിച്ചത്രെ സഭയെ "രാജകീയ പുരോഹിതവൎഗ്ഗം" എന്നു് വി: പത്രോസു് നാമകരണം ചെയ്തിരിക്കുന്നതു്. പ്രവാചകനെന്ന നിലയിൽ സത്യവചനത്തെ ശരിയായി ഉപദേശിക്കുക, ആചാൎയ്യനെന്ന നിലയിൽ ക്രിസ്തുവിന്റെ ജീവനാകുന്ന കൃപയെ എല്ലാ അവയവങ്ങളിലേക്കും വ്യാപിപ്പിച്ചു ഓരോന്നിനെയും അതതിനു യോജിച്ചപ്രകാരവും സഭയുടെ പൊതുവായ സ്വഭാവത്തിനു അനുരൂപമായ വിധത്തിലും വിശുദ്ധീകരിച്ചു വളൎത്തുകയും ദൈവത്തിനും മനുഷ്യനും ഇടയിലുള്ള ഏകമദ്ധ്യസ്ഥൻ എന്ന നിലയിൽ ദൈവത്തിൽനിന്നുള്ള പാപമോചനം വിശ്വാസികളിലേക്കു പകൎന്നു നിരപ്പിൻ ശുശ്രൂഷ നടത്തുകയും ചെയ്ക, രാജാവെന്ന നിലയിൽ ഭരണം നടത്തുക, ഇവയാകുന്നു സഭയുടെ ജോലികൾ. [illegible] നിർവ്വഹിക്കുന്നതു അതിലെ "സന്ധികളായ" പട്ട[illegible] സ്വന്തനിലയിലല്ലാ, ക്രിസ്തുവിനും സഭയ്ക്കു[illegible]. അതിനാൽ പട്ടക്കാരാൽ ന[illegible]പ്പിക്കുക, ഉപദേശിക്കുക, മോ

ചനം കൊടുക്കുക, മാമോദീസാ നടത്തുക ആദിയായവയെല്ലാം—പൊതുവായ സഭ ചെയ്യുന്നവയായി പരിഗണിക്കപ്പെട്ടിരിക്കുന്നു. "ഈ നിക്ഷേപം ഞങ്ങൾക്കു മൺപാത്രങ്ങളിലാണുള്ളതു്" എന്നു ഏററു പറയുന്നതോടു കൂടി താൻ ദൈവത്തിൻെറ സ്ഥാനാപതിയായി നിരപ്പിൻ ശുശ്രൂഷയുടെ ആചാര്യനാകുന്നു എന്നും വി: പൌലൂസ് പറയുന്നു. അതിനാൽ ദൈവത്തിൽ നിന്നു നൽകപ്പെട്ടിരിക്കുന്ന അധികാരം ഇല്ലാ എന്നു ഒരുവൻ പറയുന്നു എങ്കിൽ അതു താഴ്മയല്ല, ദൈവദൂഷണമത്രെ.

ഈ സത്യത്തെ അവഗണിച്ചു പ്രവൎത്തിക്കുന്നതിനാലാണു നവീകരണ സഭകൾ സഭാപരമായ ജീവിതം കൈവെടിഞ്ഞിരിക്കുന്നു എന്നു് പറയേണ്ടി വന്നതു. സഭയെ ഗണ്യമാക്കാതെയും സഭവഴിയായുള്ള രക്ഷയെ തിരസ്കരിച്ചും സ്വന്ത ബുദ്ധിക്കു അനുസരണമായ പുതിയ മാൎഗ്ഗങ്ങൾ തേടിപിടിച്ചു തൻമൂലം വ്യക്തിത്വം വളൎത്തിയും, യേശുക്രിസ്തുവിൻെറ "സ്വഭാവഗുണങ്ങളെ അനുകരിപ്പാൻ" ശ്രമിക്കുന്നവരെല്ലാം തൻെറ ശരീരത്തിൽ അവയവങ്ങളാണെന്നും, "മനുഷ്യർ നന്നാകുന്നതിനു ഒരു സമൂഹം ഉപയോഗപ്പെടുന്നെങ്കിൽ അതിൻെറ ഉപദേശങ്ങളിൽ ചില പിശകുകൾ ഉണ്ടെങ്കിലും അതു സാരമില്ലെന്നും" പറയുന്നവർ സഭാപരമായ ജീവിതത്തിനു വില കല്പിക്കുന്നു എന്നു വിചാരിപ്പാൻ തരമില്ലാ.

ഒരു സഭയുടെ മാഹാത്മ്യത്തെ അളക്കുന്നതിനുള്ള മാനദണ്ഡം അതിൽ നടക്കുന്ന സൽപ്രവൎത്തികളാണെന്നും, ഈ തോതുവച്ചുനോക്കുമ്പോൾ മാൎത്തോമ്മാസമുദായവും രക്ഷാസൈന്യവും വളരെ ഉപരിയായി സ്ഥിതിചെയ്യുന്നു എന്നുമുള്ളതാകുന്നു മി: ദാനിയേലിൻെറ മറെറാരുവാദം. മാർത്തോമ്മാ സമുദായത്തിൽ നല്ലപ്രവൎത്തനങ്ങൾ ധാരാളം നടക്കുന്നുണ്ടെങ്കിൽ അവകളുടെ മാററു കുറയ്ക്കണമെന്നു ഞാൻ ലേശംപോലും ആഗ്രഹിക്കുന്നില്ല. നല്ലവേലകൾ എവിടെയും പ്രശംസനീയംതന്നെ. പക്ഷെ വിശ്വാസമാണു സൽപ്രവൎത്തികളല്ലാ നീതീകരണത്തിനു അടിസ്ഥാനമെന്നുള്ള ഏക പ്രമാണത്തിന്മേലാണു നവീകരണ സമുദായങ്ങൾ നിലകൊള്ളുന്നതെന്നുള്ള സംഗതി വിസ്മരിച്ചിട്ടു, സൽപ്രവൎത്തികളിൽ പ്രശംസിപ്പാൻ തുടങ്ങിയിരിക്കുന്നതു,അവയുടെ സ്ഥാപകന്മാരുടെ ആദർശത്തിൽനിന്നു അധഃപതിയ്ക്കയായിരുന്നു എന്നു അനുസ്മരിപ്പിക്കേണ്ടിയിരിക്കുന്നു. സേവനം നടത്തുകയും അതേ സമയത്തുതന്നെ സത്യവിശ്വാസം കൈവെടിയാതിരിക്കയും ചെയ്ക എന്നുള്ളതാകുന്നു ക്രിസ്തീയധൎമ്മം. നേരെമറിച്ചു സൽപ്രവൎത്തികളാണു് ക്രിസ്തീയസഭയുടെ അടിസ്ഥാനമെന്നുപറയുന്നപക്ഷം ധാരാളം സേവനംനടത്തുന്ന ഹിന്ദുമിഷ്യൻ, രാമകൃഷ്ണമിഷ്യൻ ആദിയായവ ക്രിസ്തീയസഭയുടെ സ്ഥാനംതന്നെ വഹിക്കുന്നു എന്നു സമ്മതിക്കേണ്ടിവരുന്നു. സാമൂഹ്യസേവനം നടത്തുന്ന സംഘടനകൾ അവയുടെ പ്രവൎത്തികളുടെ മാഹാത്മ്യംമൂലം ക്രി[illegible]ശരീരത്തിൻ അംഗങ്ങളാകുന്നു എന്നു ഈ വിധത്തിൽ സമ്മതി[illegible]വൃത്തിയില്ല. മി: ദാനിയേൽ അപ്രകാരം വാ[illegible]ത്തിൽ നിന്നു പല സ്ഥലങ്ങളിലായി [illegible]ഷണ

തിൻെറ ആവശ്യമെന്തെന്നും അവകൾ മൂലം സാധിപ്പാൻ ഉദ്ദേശിക്കുന്നതെന്തെന്നും മനസ്സിലാകുന്നില്ല. ഏതായാലും സഭാപരമായ ജീവിതം മാത്തോമ്മാസമുദായം തിരസ്കരിച്ചിരിക്കുന്നു എന്നുള്ള ഞങ്ങളുടെ വാദത്തെ മി: ദാനിയേൽ ഈ അഭിപ്രായപ്രകടനം മൂലം പ്രബലപ്പെടുത്തുക മാത്രമെ ചെയ്തിട്ടുള്ളു എന്നാണു് ഞാൻ വിചാരിക്കുന്നതു്.

മത്തോമ്മാ സമുദായത്തിലെ കൈവയ്പു് അസാധുവാണെന്നു പറഞ്ഞു എന്നുള്ളതാണു് മറെറാരു ആരോപണം. പട്ടത്വം സഭയ്ക്കുള്ളിലുള്ള ഒരു പ്രവൎത്തനമാകുന്നു എന്നും ആ പ്രവൎത്തനം നടത്തുന്ന അവയവങ്ങൾ ശരീരത്തിൽനിന്നും ആ അധികാരം പ്രാപിച്ചു ശരീരത്തിനുവേണ്ടിയും ശരീരത്തിൽ വസിച്ചുകൊണ്ടും പ്രവൎത്തിക്കുന്നു എന്നും, ശരീരത്തിൻെറ പൊതുഘടന അനുസരിച്ചു് ആയതു നടക്കേണ്ടിയിരിക്കുന്നു എന്നും മുൻപു പറഞ്ഞുകഴിഞ്ഞു. അതായതു്, ഒരു പട്ടക്കാരൻ സഭയിൽനിന്നു അധികാരം പ്രാപിക്കയും സഭയുടെ പൊതു നിയമമനുസരിച്ചു് അതിനെ പ്രയോഗിക്കയും ചെയ്യണമെന്നു അതിൽനിന്നും വ്യക്തമാകുന്നു. അതിനാൽ കൈവയ്പു് സാധുവാകണമെങ്കിൽ ശരിയായ അധികാരം അല്ലെങ്കിൽ അപ്പസ്തോലിക പിൻതുടച്ച, സത്യവിശ്വാസത്തിലുള്ള നിലനില്പു്, ഇവ അത്യാവശ്യം എന്നു തെളിയുന്നു. ഏതെങ്കിലും ഒരു ക്രിസ്തീയവിഭാഗം അപ്പസ്തോലികവും കാതോലികവുമായ ഏക വി: സഭയിൽ ഒരു ശാഖയായി നിലകൊള്ളണമെങ്കിൽ ഈ രണ്ടു യോഗ്യതകളും അതിനുണ്ടായിരിക്കണം. ഇതിൽ സത്യവിശ്വാസമെന്നതു് ആ വിഭാഗത്തിലെ ഓരോ വ്യക്തിക്കും ഉണ്ടായിരിക്കണമെന്നു നിർബന്ധമില്ല. സഭയിൽ ന്യായവിധിവരെ കളകളും ഉണ്ടായിരിക്കുമെന്നാണല്ലോ വേദം സാക്ഷിക്കുന്നതു്. അതിനാൽ സഭയുടെ പൊതുവായ ഉപദേശം സത്യവിശ്വാസത്തിനു ചേൎന്നതായിരിക്കണമെന്നുള്ളതു മാത്രമാണു് അതിലെ സൎവ്വപ്രധാനമായ സംഗതി.

മാത്തോമ്മാസമുദായത്തെപ്പററി പറയുന്നപക്ഷം അവൎക്കു അപ്പോസ്തോലിക പിൻതുടച്ച ഇല്ലാ എന്നു ഞങ്ങൾ പറയുന്നില്ല. പക്ഷെ ആ സമുദായത്തിനു പൊതുവായി വിശ്വാസത്യാഗം സംഭവിച്ചുപോയി എന്നുള്ളതത്രെ ഞങ്ങൾക്കു പറവാനുള്ളതു്. ആ സമുദായത്തിൽപെട്ട ഭൂരിപക്ഷം ആളുകളും നവീകരണവിശ്വാസത്തെ സ്വീകരിച്ചവരാണെന്നു ഞങ്ങൾക്കു പരക്കെബോദ്ധ്യമുണ്ടായിരുന്നു എങ്കിലും ഞങ്ങൾ ഉപയോഗിക്കുന്ന തക്സാകൾ തന്നെ അവർ ഉപയോഗിച്ചുവന്നതിനാൽ സഭ പൊതുവായി തെററിപ്പോയി എന്നു പറവാൻ നിവൃത്തി ഇല്ലായിരുന്നു. അതിനാലാണു് അവരുടെ കൈവയ്പിനെപ്പററി ഇതേവരെ ഞങ്ങൾക്കു സംശയമുണ്ടായിരുന്നു എന്നു മുൻലേഖനത്തിൽ സൂചിപ്പിച്ചിരുന്നതു്. എന്നാൽ ഇപ്പോഴാകട്ടെ അവർ പൊതുവായും പരസ്യമായും ചില വിശ്വാ [illegible] ത്തിരിക്കുന്നതിനാൽ ഇതേവരെ ഉണ്ടായിരുന്നു എന്ന [illegible] പിൻതുടച്ചയ്ക്കും കേടുതട്ടി എന്നു പറയേണ്ട [illegible] മോചനാധികാരമില്ലെങ്കിൽ പട്ട [illegible] ലാകുന്നില്ല. ശുബ്ഹാലാ

ചൊല്ലുക, പ്രാൎത്ഥിക്കുക, ഏവൻഗേലിയോൻ വായിക്കുക, ആശീർവാദം പറക, പാപമോചനം പ്രഖ്യാപനം ചെയ്ക എന്നിവ മാത്രമാണു പട്ടക്കാരുടെ ചുമതലകൾ എന്നു ഞങ്ങൾ കരുതുന്നില്ല.

പട്ടക്കാൎക്കു പാപമോചനാധികാരം ഇല്ലെന്നുള്ള തീരുമാനം "ഈയുള്ളവർ ജനിക്കുന്നതിനു മുൻപുതന്നെ ചെയ്ത തീരുമാനമാണെന്നു" മി: ദാനിയേൽ സമ്മതിക്കുന്നു. അതുപോലെ തന്നെ, "യാക്കോബായ പുസ്തകമാണു ഇവിടെയും ഉപയോഗിക്കുന്നതു്. അതിലുള്ള തെററായ ഭാഗങ്ങൾ അപ്പഴപ്പോൾ തിരുത്തിചൊല്ലുകയാണു് പതിവു്. മുൻ കാലങ്ങളിൽ തക്സായുടെ കാൎയ്യം അങ്ങിനെതന്നെയായിരുന്നു. യാക്കോബായ തക്സാ മുൻപിൽ വച്ചുകൊണ്ടു തെററായഭാഗങ്ങൾ തിരുത്തി ചൊല്ലുകയാണു പതിവു്. അങ്ങിനെ ചെയ്യുന്ന അച്ചന്മാർ ഇപ്പോഴും ചിലരെല്ലാം ഉണ്ടു്" എന്നുള്ള സമ്മതത്തിൽ നിന്നു മാൎത്തോമ്മാ സമുദായത്തിൽ സ്ഥിരമായ ഒരു വിശ്വാസമില്ലെന്നും ഓരോ അച്ചന്മാരുടെ യുക്തിക്കുചേൎന്നവണ്ണം അവരവർ വിശ്വാസം രൂപീകരിച്ചുവരുന്നു എന്നും അതിനാൽ സമുദായത്തിൽ എത്ര അച്ചന്മാരുണ്ടോ അത്രയും വിശ്വാസമുണ്ടെന്നും വ്യക്തമാകുന്നു. ഇതുതന്നെ ഞങ്ങൾക്കും പറവാനുള്ളതു. ഇവയിൽ "പിതാക്കന്മാൎക്കു ഒരിയ്ക്കലായി ഭരമേല്പിച്ചിരിക്കുന്ന വിശ്വാസം" ഏതാണെന്നു അറിയുന്നില്ല.

കൂടാതെ മി: ദാനിയേൽ പറയുന്നു "ഞങ്ങളുടെ മനഃസാക്ഷിയും സ്വാതന്ത്ര്യവും ഞങ്ങൾ ആൎക്കും, യാതൊരു സ്ഥാനിക്കും തീറുകൊടുത്തിട്ടില്ല. ഓരോ വ്യക്തിയും അവന്റെ പ്രവൃത്തി സംബന്ധിച്ചു ദൈവത്തോടു ഉത്തരവാദം ചെയ്യണമെന്നത്രെ ഞങ്ങൾ തിരുവചനത്തിൽ നിന്നും പഠിച്ചിരിക്കുന്നതു. അദ്ധ്യക്ഷന്മാരും മേലദ്ധ്യക്ഷന്മാരും അവർ പറയുന്നതു നാതു ദൈവ വചനത്തിനു അനുരൂപമാണെന്നു ഞങ്ങളെ ബോദ്ധ്യപ്പെടുത്തണമെന്നും, ഞാൻ പറയുന്നതു മൂളാനല്ലാതെ അതിന്റെ ന്യായം എന്താണെന്നു അന്വേഷിപ്പാൻ നിങ്ങൾക്കു അവകാശമില്ലെന്നും പറഞ്ഞുകൂടാ എന്നുമാണു ഞങ്ങൾ പഠിച്ചിരിക്കുന്നതു". പെന്തിക്കൊസ്തു സഭമുതൽ റോമ്മാ സഭവരെയുമുള്ളവരെ വഹിക്കത്തക്ക വിശാലമായ ഒരു പ്രമാണമാണിതു എന്നു സമ്മതിക്കാതെ തരമില്ല. ഓരോരുത്തനും അവനവനു ബോധിച്ചതുപോലെ ദൈവത്തെ വ്യാഖ്യാനിക്കയും തന്മൂലം ഓരോരുത്തനും ഓരോമതം ഉണ്ടായിരിക്കയും ഓരോരുത്തരുടേയും അഭിപ്രായത്തിനു അപ്രമാദിത്വം ഉണ്ടായിരിക്കയും ചെയ്യുന്നവരുടെ ഒരു സമൂഹം ഒരു സഭയല്ലാ, അനേകായിരം സഭകളുടെ ഒരു സംഘടന മാത്രമാണു. റോമ്മാസഭയിൽ മാർപ്പാപ്പാ തിരുമനസ്സിനു അപ്രമാദിത്വമുണ്ടെന്നു വിശ്വസിപ്പാൻ പ്രയാസമുണ്ടെന്നു പറയുന്ന മി: ദാനിയേൽ മാൎത്തോമ്മാസമുദായത്തിലുള്ള ഏവൎക്കും ആയതു കല്പിച്ചുകൊടുത്തിരിക്കുന്ന ഈ ഭാഗത്തെ സംബന്ധിച്ചു എന്തു പറയേണ്ടു എ[illegible] സ്ഥാപിപ്പാൻ ഉദ്യമിച്ചു സത്യം മി: ദാനിയേൽ തന്നെ [illegible]ാലിയെ ലംഘിക്കരിച്ചിരിക്കുന്നതിൽ വളരെ സ[illegible]ത്തപാടെ ഉപേക്ഷിച്ചു എന്നുള്ളതത്രെ [illegible]ിയ

വിപത്തു. സ്വന്തബുദ്ധിയിൽ ആശ്രയിച്ചും വ്യക്തിത്വത്തെ വളർത്തിയും സ്വന്ത ജ്ഞാനത്തിനു അഗോചരങ്ങളായവയെ വെറുത്തും ജീവിക്കുക എന്ന പ്രമാണം ഒരു ക്രിസ്ത്യാനിക്കു യോജിച്ചതല്ല. "മനുഷ്യർ അറിയാത്തതിനെ ദൂഷിക്കുന്നു" എന്ന വേദവാക്യം എത്രയോ വാസ്തവമാകുന്നു.

മനസ്സാക്ഷിയൊ സ്വാതന്ത്ര്യമൊ ആക്കെങ്കിലും തീറുകൊടുക്കണമെന്നു ഞങ്ങൾ പറയുന്നില്ലാ. നേരെമറിച്ചു ആ സ്വാതന്ത്ര്യം ഞങ്ങൾക്കും അനുവദിക്കണമെന്നു മാത്രമെ ആവശ്യപ്പെടുന്നുള്ളു. ഓത്തഡോക്സ് സഭയിലുള്ള ഏവക്കും അതിലെ വിശ്വാസം ശരിയൊ അല്ലയൊ എന്നു അന്വഷിക്കേണ്ട കടമയുണ്ടു്. അവ ശരിയല്ലെന്നു ബോദ്ധ്യപ്പെട്ടാൽ സഭ വിട്ടുപോകുന്നതിനും അവനു സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതുമാകുന്നു. എന്നാൽ സത്യവിശ്വാസത്തിൽ നിലനില്ക്കുന്നവരുടെ മനഃസാക്ഷിയും സ്വാതന്ത്ര്യവും സഭയുടെ പരമാദ്ധ്യക്ഷനായ ക്രിസ്തു തൻെറ സ്വന്തരക്തം കൊണ്ടു വിലയ്ക്കുവാങ്ങി തൻെറ മണവാട്ടിയായ സഭയിൽ ഒട്ടിച്ചു ചേൎത്തിരിക്കുന്നു. ആ സഭയിൽ നിന്നു വേർപെട്ടു രക്ഷപ്രാപിപ്പാൻ ഞങ്ങൾക്കു കഴിയുന്നതല്ലാ. അതിനാൽ ഞങ്ങൾ സഭയുടെ വിശ്വാസം രൂപീകരിക്കുകയല്ലാ, സഭ ഞങ്ങളെ വിശ്വാസം പഠിപ്പിക്കുകയത്രെ. വിശ്വാസം വ്യാഖ്യാനിപ്പാനുള്ള സഭയുടെ അധികാരത്തെ ഞങ്ങൾ കവൎന്നെടുക്കുന്നതുമല്ല. "ദൈവമുൻപാകെ അവനവൻെറ പ്രവൃത്തികൾക്കു കണക്കു ബോധിപ്പിച്ചു പ്രവൃത്തിക്കനുസരണമായ കൂലി വാങ്ങുക" എന്നുള്ളതല്ലാ ഞങ്ങൾക്കു പ്രധാനം, പിന്നയൊ ക്രിസ്തുവിൻെറ മനസിനു അനുരൂപമായി തൻെറ ശരീരത്തിനു യോജിച്ച അവയവങ്ങളായി തന്നിലും അവയവയങ്ങൾ ഒന്നു ചേൎന്നും ജീവിക്കുക എന്നുള്ളതാകുന്നു. ഏതായാലും ഒരുവനു വിശ്വാസമുണ്ടെന്നു പറഞ്ഞാലും മി: ദാനിയേൽ വിശ്വസിക്കയില്ലെന്നു മുക്കടമുഷ്ടിപിടിച്ചാൽ എന്താണു പറയേണ്ടതെന്നു അറിയുന്നില്ല.

അപ്പോസ്തോലകാലം മുതൽ ഇന്നേയോളം ഉള്ള ദീൎഘചങ്ങലയിൽ ഒരു കണ്ണി എങ്കിലും മുൻപെ പറഞ്ഞതുപോലെ ഹൃദയത്തിൽ വിശ്വാസമില്ലാത്ത മനുഷ്യനായിരുന്നു എന്നു വന്നാൽ പിന്നീടുള്ള കൈവെപ്പെല്ലാം അസാധുവാണു് എന്നുള്ള മി: ദാനിയേലിൻെറ വാദത്തിനു മുൻപു മറുപടിപറഞ്ഞുകഴിഞ്ഞു. "മനുഷ്യരക്ഷ കൈവെപ്പിൻെറ സാധുത്വത്തിന്മേൽ ചാരിവച്ചിരിക്കുന്ന ഓത്തൊഡോക്സ്കാർ" എന്ന പ്രസ്താവനയിൽ നിന്നു മാൎത്തോമ്മാ സമുദായത്തിൽ കൈവെപ്പ് എന്നുള്ളതു കാൎയ്യമായ ഒന്നല്ലാ എന്നു വ്യക്തമാകുന്നുവല്ലൊ. മാൎത്തോമ്മാ സമുദായം അപ്പോസ്തോലിക പിൻതുടൎച്ചയിൽ വിശ്വസിക്കുന്നില്ലെന്നും തന്മൂലം ആ സമുദായത്തിലെ സ്ഥാനികൾ പട്ടക്കാരല്ലെന്നും അല്ലെ മി: [illegible] ിരിക്കുന്നതു്? പക്ഷെ ഇതിനോടു മാൎത്തോമ്മാ സമു[illegible] യോജിക്കുമെന്നു തോന്നുന്നില്ലാ.

"[illegible] തീരുമാനം ചെയ്യണമെങ്കിൽ [illegible] ടെയും ഭൂരിപക്ഷം ഉണ്ടാ

യിരുന്നാലും സാധിക്കയില്ലാ. അൽമായക്കാരുടെയും പട്ടക്കാരുടെയും വോട്ടു വെവ്വേറെ എടുത്തിട്ടു രണ്ടിലും എഴുപത്തഞ്ചു ശതമാനം ഉണ്ടെങ്കിലെ സാധിക്കയുള്ളു എന്നാണു മാർത്തോമ്മാസഭയുടെ നിയമം" എന്നും മി: ദാനിയേൽ പറഞ്ഞിരിക്കുന്നു. പട്ടക്കാർ മുഴുവനും വോട്ടുചെയ്താലും അൽമായക്കാരുടെ എഴുപത്തഞ്ചുശതമാനം വോട്ടില്ലെങ്കിൽ വിശ്വാസകാര്യങ്ങൾ പാസ്സാകയില്ലെന്നു ഇതിൽനിന്നു സ്പഷ്ടം. പക്ഷെ നിഖ്യാ ആദിയായ സുന്നഹദോസുകളിൽ എത്ര അൽമായക്കാർക്കു വോട്ടു ഉണ്ടായിരുന്നു എന്നറിഞ്ഞാൽ കൊള്ളാം. അതൊ അന്നു അൽമായക്കാർ സഭയിൽ ഇല്ലായിരുന്നു എന്നു വരുമൊ? "ഇപ്പോഴുള്ളവർ ജനിക്കുന്നതിനു മുൻപെ ഈ അബദ്ധോപദേശം മാർത്തോമ്മാസഭ നീക്കിക്കളഞ്ഞതാണു്"എന്നും അദ്ദേഹം പറഞ്ഞിരിക്കുന്നു. ഇപ്രകാരം നീക്കിക്കളഞ്ഞതും അൽമായക്കാരുടെ എഴുപത്തഞ്ചു ശതമാനം വോട്ടോടുകൂടി ആയിരിക്കണമെല്ലൊ. മാർത്തോമ്മാസമുദായത്തിൽ ഉപയോഗിക്കുന്ന പട്ടംകൊടപുസ്തകം അപ്പഴപ്പോൾ തിരുത്തും എന്നാണല്ലൊ പറയുന്നതു്. അവയവയും എഴുപത്തഞ്ചു ശതമാനം വോട്ടോടുകൂടിയാണൊ എന്നും സംശയിക്കുന്നു. ഏതായാലും തിരുത്തൽ ഇതേവരെ തീർന്നിട്ടില്ലാ എന്നാണല്ലൊ മി: ദാനിയേൽ പറയുന്നതു്.അങ്ങിനെയെങ്കിൽ മാർത്തോമ്മാസമുദായം എന്തെല്ലാം പരിവർത്തനങ്ങളിൽകൂടി ഇനിയും കടക്കേണ്ടിയിരിക്കുന്നു എന്നു അറിയുന്നില്ലാ.

ഒരിക്കലായി ഭരമേല്പിക്കപ്പെട്ടിരിക്കുന്ന വിശ്വാസത്തെ ഭേദപ്പെടുത്തുവാനായി യാതൊരു അധികാരത്തിനും സ്വാതന്ത്ര്യമില്ലെന്നത്രെ ഞങ്ങളുടെ വിശ്വാസം. ഇവകൾ എന്തെന്നു പൊതുവിനടുത്ത മൂന്നു സുന്നഹദോസുകൾ വ്യാഖ്യാനിച്ചുറപ്പിച്ചുകഴിഞ്ഞിരിക്കുന്നു. അവയ്ക്കെതിരായി യാതൊരുപദേശത്തെയും കൈക്കൊൾവാനൊ ഉപദേശിപ്പാനൊ ഒരുത്തനും അധികാരമില്ലാ. ഇപ്പോഴുള്ള സുന്നഹദോസുകൾക്കാകട്ടെ ഈ വിശ്വാസത്തിനു ചേരുന്നതായുള്ള കർമ്മാചാരങ്ങളെയും നടപടിക്രമങ്ങളെയും മര്യാദകളെയും കാലയുക്തംപോലെയും ദേശാവസ്ഥപോലെയും ക്രമപ്പെടുത്തുവാനുള്ള അധികാരത്തിൽ കവിഞ്ഞു യാതൊന്നും ഇല്ലാത്തതുമാകുന്നു.

അടുത്തതായി പരിശോധിക്കേണ്ടതു പാപമോചനാധികാരമാണു്. "മോചനം പട്ടക്കാരുടെ പക്കൽ ഇരിപ്പുണ്ടെന്നും പട്ടക്കാരൻ കൊടുക്കുന്നവർക്കു അതു കിട്ടുമെന്നും യാതൊരു സഭയും പറയുന്നില്ലാ. വേദവാക്യത്തെ അടിസ്ഥാനപ്പെടുത്തി അനുതപിക്കുന്നവർക്കു പാപമോചനം ഉണ്ടെന്നു പട്ടക്കാരനു പ്രഖ്യാപനം ചെയ്യാമെന്നു മാത്രമെ ഓർത്തഡോക്സുകാരും യാക്കോബായക്കാരും റോമൻ കത്തോലിക്കരും പറയുന്ന[illegible]" എന്നു മി: ദാനിയേൽ പറയുന്നു. പട്ടക്കാരന്റെ പ[illegible] ആരും പറയുന്നില്ലാ എന്നുള്ളതു വാസ്തവംത[illegible] മോചനം കിട്ടുന്നതാണെന്നു പറയാ[illegible]

പ്രഖ്യാപനം വിശുദ്ധവേദം ഒരിക്കലായി ചെയ്തിരിക്കുന്നതിനാൽ ഇപ്പോൾ വീണ്ടും പ്രഖ്യാപനം ചെയ്വാൻ ഒരു പട്ടക്കാരനെ ആവശ്യമുണ്ടോ എന്നു തോന്നുന്നില്ല. നേരെമറിച്ചു ക്രിസ്തുവും സഭയും ഒന്നാകയാൽ ക്രിസ്തുമുഖാന്തിരമുള്ള മോചനം തന്റെ സഭവഴിയായി അതിന്റെ അംഗങ്ങളിലേക്കു വ്യാപിക്കുന്നു എന്നും അതിനെ ഓരോരുത്തരിലേക്കും ആവഹിപ്പിക്കുന്നതു ജീവ നാഡികളായ പട്ടക്കാരാണെന്നും ഞങ്ങൾ വിശ്വസിക്കുന്നു. മോചനം ക്രിസ്തു വഴിയാണെന്നു വിശ്വസിക്കുന്ന ഒരുവനു ഇതിൽ യാതൊരു സംശയവും ഉണ്ടാകാൻ തരമില്ല. തന്റെ മനുഷ്യാവതാരമത്രെ പാപമോചനത്തിന്റെ അടിസ്ഥാനം. അല്ലാത്തപക്ഷം അതുകൂടാതെ ദൈവത്തിനു നേരിട്ടു മോചനം കൊടുക്കാമായിരുന്നു. നേരേമറിച്ചു തന്റെ ഏകജാതനെ കഷ്ടതയ്ക്കായി കല്പിച്ചയച്ചു് തന്റെ മരണമാകുന്ന ഏക പരിഹാരബലിയിൽ അടിസ്ഥാനപ്പെടുത്തി മോചനം കൊടുപ്പാനത്രെ അവിടുത്തേക്കു തിരുമനസ്സായതു. സഭ പ്രയോഗിക്കുന്ന ഈ അധികാരം ക്രിസ്തുവിന്റെ അധികാരമാകുന്നു; ക്രിസ്തുവിന്റെ അധികാരം ദൈവത്തിന്റെ അധികാരവുമാകുന്നു. "അവൻ (പിതാവു്)ചെയ്യുന്നതെല്ലാം പുത്രനും അവ്വണ്ണം ചെയ്യുന്നു". പുത്രൻ തന്റെ രക്ഷാകരമായ വേലയുടെ ഫലമായിട്ടുള്ള മോചനം സഭവഴിയായി അനുതപിക്കുന്നവരിലേക്കു വ്യാപിക്കയത്രെ ചെയ്യുന്നു.

തന്റെ മാനുഷ്യസ്വഭാവത്തിൽ തന്നെ, തനിക്കു ഈ അധികാരം ഉണ്ടായിരുന്നു എന്നു താൻ ഒരു അടയാളംമൂലം വ്യക്തമാക്കിയിരിക്കുന്നു (വി: മത്തായി. 9: 2-8). ആ തളർവാതിയുടെ പാപങ്ങളെ താൻ മോചിക്കുന്നു. ഇന്നത്തെപ്പോലെ തന്നെ അന്നും പ്രമാണികൾ ഇതിൽ പിറുപിറുപ്പു തുടരുകയും ദൈവത്തിനല്ലാതെ മനുഷ്യനു പാപം മോചിപ്പാൻ അധികാരമില്ലാത്തതിൽ അതു ദൈവദൂഷണമാണെന്നു വിധിക്കയും ചെയ്യുന്നു."ഭൂമിയിൽ പാപങ്ങളെ മോചിപ്പാൻ മനുഷ്യപുത്രനു അധികാരമുണ്ടെന്നു നിങ്ങൾ അറിയേണ്ടതിനു" എന്നത്രെ ഈ അവസരത്തിൽ താൻ കല്പിക്കുന്നതു. ഇതിനെ തുടർന്നു "പുരുഷാരം അതുകണ്ടു ഭയപ്പെട്ടു മനുഷ്യർക്കു ഇങ്ങിനെയുള്ള അധികാരം കൊടുത്ത ദൈവത്തെ മഹത്വപ്പെടുത്തി"ക്കൊണ്ടു മടങ്ങിപ്പോയി എന്നാകുന്നു സുവിശേഷകൻ സാക്ഷിക്കുന്നതു്. അതുപോലെ തന്നെ തന്റെ പുനരുത്ഥാനത്തിനു ശേഷം താൻ തന്റെ ശിഷ്യന്മാരോടു കല്പിച്ചതിനെ ശ്രദ്ധിച്ചാലും! "പിതാവു എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു........ആരുടെ പാപങ്ങൾ നിങ്ങൾ മോചിക്കുന്നുവോ അവർക്കു മോചിക്കപ്പെട്ടിരിക്കുന്നു. ആരുടെ പാപങ്ങൾ നിറുത്തുന്നുവൊ അവ നിറുത്തപ്പെട്ടിരിക്കുന്നു". കർത്താവിനു പാപം മോചിപ്പാൻ അധികാരമുണ്ടായിരുന്നു എന്നു വിശ്വസിക്കുന്ന ഒരുവനു ഈ ഭാഗത്തുനി[illegible]ധികാരമുണ്ടെന്നല്ലാതെ മറ്റെന്താണു മനസ്സിലാക്കു[illegible]ന്നില്ല. ഇങ്ങനെയുള്ള ഭാഗങ്ങൾ കാണു[illegible]ല്ലായിരുന്നെങ്കിൽ കൊള്ളാ

അനുതാപംമൂലം മാത്രം മോചനം ലഭിക്കുന്നതിനാലും അനുതാപമില്ലാത്തവനു മോചനംകൊടുപ്പാൻ പട്ടക്കാരനു അധികാരമില്ലാത്തതിനാലും പട്ടക്കാർക്കു മോചനാധികാരം ഇല്ലെന്നത്രെ മി: ദാനിയേലിന്റെ വാദം. അനുതാപംമൂലം മോചനം ലഭിക്കുന്നതിനാൽ മോചിപ്പാൻ ഒരാളില്ലാതെ—ദൈവമോ മറ്റാരെങ്കിലുമൊ—തന്നെ മോചനം ലഭിക്കുമെന്നു അദ്ദേഹം അഭിപ്രായപ്പെടുമൊ, എന്തൊ അറിയുന്നില്ല. അനുതപിയ്ക്കാത്ത ഒരുവനു ദൈവം മോചനം കൊടുകയില്ലെന്നു മി. ദാനിയേൽ സമ്മതിയ്ക്കുമായിരിക്കുമല്ലൊ. അങ്ങിനെയെങ്കിൽ മി: ദാനിയേലിന്റെ ഭാഷയിൽ ദൈവത്തിനു മോചിപ്പാൻ അധികാരമില്ലെന്നു വരികയില്ലയൊ? അല്ല, അനുതപിക്കുന്ന ഒരുവനു മോചനം കൊടുപ്പാൻ ദൈവത്തിനു അധികാരമുണ്ടെങ്കിൽ ആ അധികാരം തന്നെ സ്ഥാനാപതിയായ പട്ടക്കാരനു കൊടുക്കുന്നു എന്നു പറയുന്നതിൽ എന്താണു പിശകെന്നു മനസ്സിലാകുന്നില്ല. ഒരുവന്റെ അനുതാപം മതിയായതാണൊ എന്നു ഒരു പട്ടക്കാരൻ എങ്ങിനെ വിധിക്കും എന്നു ചോദിച്ചേക്കാം. പക്ഷെ ഈ പ്രയാസം 'മോചിച്ചിരിക്കുന്നു' എന്നു പ്രഖ്യാപനം ചെയ്യുന്നതിലും ഉണ്ടെന്നു പ്രസ്താവിച്ചുകൊള്ളട്ടെ. ഞങ്ങളിൽ പട്ടക്കാരായവരുടെ അനുഭവം പറയുന്നപക്ഷം, മൺപാത്രങ്ങളായ ഞങ്ങളിൽ സംക്ഷേപിച്ചിരിക്കുന്ന ആ വലിയ നിക്ഷേപത്തിന്റെ ശക്തിയാൽ അനുതാപം പര്യാപ്തമൊ എന്നു തീരുമാനിക്കുന്നതിൽ ഞങ്ങൾക്കു യാതൊരു പ്രയാസവും നേരിടുന്നില്ലെന്നും ഓരോ വിശ്വാസികളും ഇടപെടുന്ന രീതിയിൽ സന്ദർഭോചിതമായ ഗുണദോഷങ്ങൾ മൂലം പലരെയും നേർവഴിക്കു നടത്തുന്നതിനു ദൈവം ശക്തിയായി ഞങ്ങളെ ഉപയോഗിച്ചുകൊണ്ടിരിക്കുന്നു എന്നും ഞങ്ങൾക്കു നല്ല ഉറപ്പുണ്ട്. പക്ഷെ ഇതു മി. ദാനിയേലിനെ ബോദ്ധ്യപ്പെടുത്തുവാൻ പ്രയാസമാണു".

"അധികാരമുള്ള മേലദ്ധ്യക്ഷന്മാർ മനഃപൂർവ്വമായിട്ടൊ അറിയാതെയൊ തെറ്റായ ഒരു വിധി വിധിച്ചാൽ ആ വിധി സാധു"വായിരിക്കുന്നപ്രകാരം ഒരു പട്ടക്കാരന്റെ എല്ലാ മോചനവും സാധുവായിരിക്കുമൊ എന്നുള്ളതാണു അടുത്ത ചോദ്യം. ദൈവം മനഃപൂർവ്വമായൊ, അറിയാതെയൊ പിശകായി മോചനം കൊടുക്കുന്നുണ്ടെങ്കിൽ ഈ ചോദ്യത്തിനു "ഉവ്വ്" എന്നു മറുപടി പറവാൻ ഞാൻ ധൈര്യപ്പെടുമായിരുന്നു. "എന്നാൽ പട്ടക്കാരൻ പാപം മോചിച്ച പലർക്കും മോചനം കിട്ടിയിട്ടില്ലെന്നാണു ഇവർ പറയുന്നതു". ഇതു ആരു ആരോടു എപ്പോൾ പറഞ്ഞു എന്നു വ്യക്തമാകുന്നില്ല. സഭവഴിയല്ലാതെ മോചനം ലഭിക്കുമൊ എന്നുള്ള ചോദ്യത്തിനു മുൻപു മറുപടി പറഞ്ഞിട്ടുള്ളതിനാൽ ആവർത്തിക്കേണമെന്നു വിചാരിക്കുന്നില്ല.

(തുടരും)

ദൈവസാന്നിദ്ധ്യം (തുടൎച്ച)

റവ: ഫാദർ ഫോസ്സ്, ഒ. ബി. ഇ.

(പരിഭാഷകൻ—സി. കെ. ഫെപ്പ് ബി. ഏ. ബി. എൽ, തിരുവനന്തപുരം.)

അദ്ധ്യായം 9. (തുടൎച്ച)

ദൈവരാജ്യത്തിലെ ഭാഷയിൽ സംഭാഷണം നടത്തുന്ന രണ്ടുപേർ തമ്മിൽ മനോയോജിപ്പും കൂടുതൽ മമതയും സ്വഭാവത്തിൽ തന്നെയല്ല ഉദ്ദേശത്തിൽ പോലും ഉള്ളതിനാൽ അവരുടെ ആത്മാക്കൾ ഒന്നൊന്നിൽ വസിക്കുന്നുവെന്നു പറയാം. സ്വല്പം മുൻപു തന്നെ നാം ഈ ആശയത്തിൽ എത്തിയതാണ്. നമ്മിൽ നിന്നു ഇതരമായിരുന്നതു് അകമെ പ്രവേശിച്ചതുമൂലം ആന്തരീകമായിത്തീരുന്നു. ഇതു നമ്മിൽ പൂർത്തിയാകുന്നതു് ദൈവാത്മനിവാസത്തെ നാം തിരിച്ചറിഞ്ഞു അതിനെ സ്വാഗതം ചെയ്യുമ്പോളത്രെ. "ഞാൻ സത്യമാകുന്നു" എന്നദ്ദേഹം പ്രസ്താവിച്ചപ്പോൾ കേവലം ഒരു പ്രവാചകനെപ്പോലെ ദിവ്യ സത്യോപദേശങ്ങളെ പറഞ്ഞുകൊടുക്കുന്ന ആൾ എന്ന നില മാത്രമല്ല നേരേറിച്ചു മനുഷ്യരിൽ പ്രവേശിച്ചു അവർക്കു മനഃപ്രകാശം കൊടുക്കുന്നതിനായി സ്വയം പ്രദാനം ചെയ്യുന്നവൻ എന്ന സ്ഥാനവും അദ്ദേഹത്തിനുണ്ടായിരുന്നു. ഒരു വിളക്കുപിടിച്ചുകൊണ്ടു അദ്ദേഹം പുറത്തു നില്ക്കുന്നു. എന്നാൽ അകത്തെ ദീപവാഹിയും അദ്ദേഹം തന്നെ. "ഞാൻ വഴിയാകുന്നു" എന്ന അദ്ദേഹത്തിന്റെ പ്രസ്താവനകൊണ്ടു ദൈവത്തെ പ്രാപിക്കുന്നതിനുള്ള ഏക മാർഗ്ഗദർശി അദ്ദേഹമാകുന്നുവെന്നു മാത്രമല്ല പ്രസ്തുത അവിടുന്നുതന്നെയാണ് അതിനു അവശ്യം വേണ്ട മാർഗ്ഗവുമെന്നും കൂടെ നാം ധരിക്കണം. "ഞാൻ ജീവനാകുന്നു" എന്ന ആശയം മൂലം അദ്ദേഹത്തിനു കേവലം അമരത്വദാതാവിന്റെ നില മാത്രമല്ല അതിൽ പരമായ മനുഷ്യാത്മവാഹി അവരിൽ അധിവസിക്കുന്ന ജീവശക്തി മുതലായ ശ്രേഷ്ഠസ്ഥാനങ്ങളുമുണ്ടു്. ആദ്ധ്യാത്മീകവ്യവസ്ഥകളും നിബന്ധനകളും നിറവേറുമ്പോൾ നമ്മിൽനിന്നു് അന്യമായതു് അകമെ പ്രവേശിച്ചു, തന്നതായിത്തീരുന്നു.

പ്രാർത്ഥനാജീവിതമെന്നു പറഞ്ഞാൽ അതു മിക്കവാറും ഇപ്രകാരം മനുഷ്യാത്മാവിന്റെ അന്തർഭാഗത്തേക്കു പുറമെയുള്ള ദൈവീകസാന്നിദ്ധ്യത്തിന്റെ നിരന്തരമായ പ്രവേശനമാണ്. പുറമെ നില്ക്കുന്ന അദ്ദേഹത്തോടു നാം സംസാരിക്കുന്നതിന്റെ കാരണം അകമെ സ്ഥിതിചെയ്യുന്ന നമ്മുടെ ആത്മാവിൽ അദ്ദേഹത്തിന്റെ പരിശുദ്ധാത്മാവു് അധികം ശക്തിയായും പൂർണ്ണമായും ആവസിക്കുന്നതിനാകുന്നു. മനുഷ്യന്റെ പ്രവൃത്തിമൂലം ദൈവത്തോടു സഹകരിക്കുന്ന കൃത്യത്തെയാണു പ്രാർത്ഥനയെന്നു സാധാരണ പറയപ്പെടുന്നതു്. തിരുശരീരവും രക്തവുമാകുന്ന കൂദാശയെ പ്രാർത്ഥനാജീവിതത്തിന്റെ മകുടോദാഹരണമായി നമുക്കു് എടുക്കാം. "ആദിയിൽ വചനമുണ്ടായിരുന്നു", അഥവാ "ആദിയിൽ ദൈവചിന്തയുണ്ടായിരുന്നു". "ഈ ചിന്ത ജഡമെടുത്തു നമ്മിൽ ആവസിച്ചു; പ്രസ്തുത ചിന്ത ദൈവത്തിന്റെ പരിപൂർണ്ണ ഭാവപ്രകടന(expression)മായിരുന്നു." ദൈവീക ചിന്ത അദ്ദേഹത്തിന്റെ ജഡം, ജനനം, ജീവിതം, മരണം, പുനരുത്ഥാനം ഇവയിൽ വ്യാപരിച്ചു പ്രവർത്തിച്ചതെല്ലാം തിരുശരീരരക്തകൂദാശയായി നമുക്കു നൽകപ്പെട്ടിരിക്കുന്നു. മനുഷ്യാവതാരവും ത്യാഗസമർപ്പണവും സംബന്ധിച്ച ദൈവത്തിന്റെ ശ്രേഷ്ഠചിന്ത അഥവാ മനുഷ്യക്കായിട്ടു് അദ്ദേഹം പരിപൂർണ്ണമായി സ്വയപ്രദാനം ചെയ്യുന്ന കർമ്മം തന്നെ ഇവിടെയുണ്ടു്. അദ്ദേഹത്തിന്റെ ചിന്തയുള്ള സ്ഥാനത്തെല്ലാം അദ്ദേഹം യഥാർത്ഥത്തിൽ അധിവാസസ്ഥിതിതനായും ഉത്കർഷവാനായും സന്നിഹിതനായിരിക്കുന്നു. നമ്മിൽനിന്നു ഇതരമായ ദിവ്യസാന്നിദ്ധ്യമാണു [illegible] നമ്മുടെ ആരാധനയെ അർഹിക്കുന്നതു്. എന്നാൽ അദ്ദേഹം നമ്മിൽനി[illegible]ന്നതു് നമ്മുടെ അന്തരംഗത്തേക്കു പ്രവേശിക്കുന്നതിനു മാത്രമാണ്[illegible] സാന്നിദ്ധ്യത്തേയും നാം ഭക്തിപൂർവ്വം വണങ്ങുകയു[illegible]യന്തർഭാഗം അവിടത്തെ സ്വവസതിയാ[illegible]ന്റെ പ്രവേശനവും സ്വീകരണവുമാ[illegible]ലോന്നതമായ കൂദാശസംസ്ക്[illegible]

ങ്ങൾ ഹേതുവായി അദ്ദേഹത്തിനു നിരന്തര പ്രവേശനം ലഭിക്കയും അവിടുന്നു് അകത്തും പുറത്തും ഒരുപോലെ വസിക്കയുംചെയ്യുന്നു. വെളിച്ചം മുറിക്കകത്തുണ്ടു്, എങ്കിലും അതു പുറത്തുനിന്നു സദാ അകത്തേക്കു പ്രവേശിച്ചുകൊണ്ടിരിക്കുന്നു. ക്രിസ്തു മനുഷ്യാത്മാവിൽ അധിവസിക്കുന്നുണ്ടു്. എന്നിരുന്നാലും അദ്ദേഹം സർവ്വദാ മനുഷ്യന്റെ അന്തരംഗത്തെ ആവസിച്ചുകൊണ്ടിരിക്കുന്നു: നാം സനാതനനിൽ ജീവിക്കുന്നു. അവിടുന്നു നമ്മിലുണ്ടു്: ഇതു വാസ്തവമാണെങ്കിലും സമയനിബന്ധനയനുസരിച്ചു നാം പെരുമാറേണ്ടതു് ആവശ്യമത്രെ. ദൈവസംയോജിപ്പാകുന്ന പ്രാർത്ഥനാജീവിതത്തിന്റെ ഇരുവശവും മുന്തിരിവള്ളിയേയും ശിഖരങ്ങളേയും സംബന്ധിച്ചു നമ്മുടെ കർത്താവു നമുക്കു നൽകിയിരിക്കുന്ന ഉപമാലങ്കാരത്തിൽ കാണുന്നുണ്ടു്. "നിങ്ങൾ എന്നിൽ വസിപ്പിൻ, ഞാൻ നിങ്ങളിലും വസിക്കും." ദൈവവും മനുഷ്യനുമായിട്ടുള്ള സഹകരണംമൂലം ഉണ്ടാകേണ്ട ഒരു സാന്നിദ്ധ്യമാണിതു്. കണ്ണിനു പുറമേ പ്രകാശിക്കുന്ന വെളിച്ചംകണക്കെ മനുഷ്യരിൽനിന്നു പുറമെ അവർക്കു നാലുവശവുമായി സ്ഥിതിചെയ്യുന്ന തിരുസാന്നിദ്ധ്യത്തിൽ ജീവിക്കുവാൻ വാഞ്ഛിക്കുന്നവരുടെ ഉള്ളിലേക്കു തിരുസാന്നിദ്ധ്യം പ്രവേശിച്ചുകൊണ്ടിരിക്കുകയും അദ്ദേഹം അവരിൽ അധിവസിക്കയുംചെയ്യുന്നു. "അവർ പരിപൂർണ്ണമായി ഏകീഭവിക്കേണ്ടതിനു ഞാൻ അവരിലും അവിടുന്നു് എന്നിലും സ്ഥിതിചെയ്യുന്നു. (വി. യോഹ. 17.23). പ്രാർത്ഥനാജീവിതത്തിന്റെ സമ്പൂർത്തി ഇവിടെയാണു്.

മുന്തിരിവള്ളിയുടേയും അതിന്റെ ശാഖകളുടേയും രൂപത്തിൽ തിരുസാന്നിദ്ധ്യം സംബന്ധിച്ചുള്ള നമ്മുടെ നാഥന്റെ പ്രബോധനസത്യം വി. പൌലൂസിന്റെ എഴുത്തുകളിൽ സഹജമായി കാണുന്നുണ്ടു്. ക്രിസ്ത്യാനി എന്നുവച്ചാൽ ക്രിസ്തുവിൽ വിശ്വസിക്കുന്നവനോ അവിടത്തെ അനുഗാമിയോ മാത്രമല്ല പ്രത്യുത, ക്രിസ്തുവിൽ ജീവിക്കുന്നവനും തന്നിൽത്തന്നെ അവിടുത്തെ ജീവാത്മാവുള്ളവനുമത്രെ. ഈ പരിണതിക്രമം ഇവിടെ അവസാനിക്കുന്നില്ല. "ഞാൻ പിടിച്ചു എന്നു സ്വയം നിരൂപിക്കുന്നില്ല." ക്രിസ്തു നമ്മിൽ ഉരുവാകുന്നതുവരെ ഈ സംഗതി മുറയ്ക്കു നടന്നുകൊണ്ടിരിക്കുന്നു. എന്തെന്നാൽ നമ്മിൽ സ്ഥിതിചെയ്യുന്ന ഈ ക്രിസ്തുതന്നെയാകുന്നു നാമേവരുടെയും മഹത്വപ്രത്യാശയും. ഈ തേജസ്സാകട്ടെ തിരുസാന്നിദ്ധ്യത്തിന്റെ നിറവാണു്. അന്ധകാരത്തിൽനിന്നു വെളിച്ചം പ്രകാശിക്കുന്നു. വെളിച്ചം ബാഹ്യനടപടികൾക്കു ഉപകരിക്കുന്ന ആപൽദീപസ്തംഭംമാത്രമായിരിക്കേണ്ടതല്ല. അതു നമ്മുടെ ഹൃദയങ്ങളിലും പ്രകാശിക്കേണ്ടതാണു്. ആദ്യമെ അതു നമ്മിൽനിന്നു ഇതരമായി അനുഭവപ്പെടുന്നു. കർത്തൃതേജസ്സ് ഒരു മുഖക്കണ്ണാടിയിലെന്നവണ്ണം നാം ദർശിക്കുന്നു. തിരുസാന്നിദ്ധ്യം നമ്മിലേക്കു ശക്തിയോടെ പ്രവേശിക്കുന്തോറും നാം തേജസ്സിന്മേൽ തേജസ്സ് പ്രാപിച്ചു ക്രിസ്തുവിന്റെ അതേ പ്രതിമയായി രൂപാന്തരപ്പെടുന്നു. തേജസ്സിന്റെ നിറവു നമ്മിൽ പൂർത്തിയായില്ല എന്നിരുന്നാൽതന്നെയും, "ഞാൻ ജീവിക്കുന്നു, എന്നാൽ ഞാനല്ല എന്നിലു് മശിഹായത്രെ ജീവിക്കുന്നതു്" എന്നു സത്യമായി പറവാൻ നമുക്കു കഴിയും. ഇതാകട്ടെ നാം സ്വയം ഉപേക്ഷിക്കണമെന്നു് അദ്ദേഹം നമ്മോട്ട് ആവശ്യപ്പെട്ടപ്പോൾ നാം കൊടുക്കുന്ന മറുപടിയാണു്. സ്വയത്തിനു് അതിരു നിശ്ചയിച്ചു സ്വാർത്ഥപരമായ തടങ്ങൽ വേലികൊണ്ടു് നാം അതിനെ കെട്ടിവളയ്ക്കുകയല്ല വേണ്ടതു്. നാം ഏകാകികളും നമ്മുടെ അന്തരംഗം അപ്രവേശ്യമായും ഇരിപ്പാൻ നാം അനുവദിക്കരുതു്. ക്രിസ്തുവിന്റെ നാമത്തിൽ ജ്ഞാനസ്നാനമേററിരിക്കയാൽ നാം അദ്ദേഹത്തെ ധരിച്ചിരിക്കുകയാണു്. ഇതിൽ ഉപരിയായ ഒരു പടിയുണ്ടു്. അതു സ്വയപരിത്യാഗമാകുന്നു. ദൈവസാന്നിദ്ധ്യത്തിന്റെ വിശുദ്ധാലയമായി നിർദ്ദേശിച്ചിരിക്കുന്ന മനുഷ്യാത്മാവിൽ ക്രിസ്തുവിന്റെ ആത്മാവ് സ്വാതന്ത്ര്യമായി പ്രവേശിക്കയും അതിൽ അധിവസിക്കയുംചെയ്യുമാറു നാം സ്വയവർജ്ജിതരാവണം. എന്നിരുന്നിട്ടും വി. പൌലൂസിന്റെ സർവ്വ പ്രബോധനങ്ങളിലും കാണുന്നതു് ഈ പ്രവേശനം ക്രമശ്ശഃക്രമശ്ശയായി നടക്കേണ്ടതും ക്രിസ്തുതന്നെ സർവ്വത്തിലും 'സർവ്വവും' ആകുവോളം സംവർദ്ധനത്തിൽ ഇതു തുടരേണ്ടതുമാണു് എന്നാകുന്നു.

കൂടാതെ മനുഷ്യാത്മാവു് ദിവ്യാത്മ[illegible] ആവസിപ്പുമൂലം പൂർണ്ണമായ വ്യക്തി
ത്വം പ്രാപിക്കുന്നതോടുകൂടെ ഈ പ്രാർത്ഥ[illegible] സാന്നിദ്ധ്യപരിശീലനം) ത
ന്നെ നേരെ തിരിഞ്ഞുള്ള ഒരു പ്രവർത്ത[illegible] പുറമെയാണു് ഇതു സ
മാരംഭിക്കുന്നതു്. പ്രാർത്ഥന ഏതു രൂ[illegible] ഇതരമായി
ദൈവം സ്ഥിതിചെയ്യുന്നുവെന്നു ന[illegible] നമ
പ്പിക്കപ്പെടുന്നതു്. എഴുതപ്പെട്ട ഒ[illegible]

ത്തതിൻവണ്ണം ദൈവത്തെ അഖിലാണ്ഡത്തിൽനിന്നു ഇതരമായ മനുഷ്യർ നിരൂപിക്കാത്ത കാലഘട്ടമാണ് ഒന്നാമത്തെ പ്രധാന പടി. അപ്പോൾ ദൈവത്തെ ഏററവും വിദൂരമായ ഒരു സ്വർഗ്ഗത്തിൽ ഇരുന്നുകൊണ്ടു സൃഷ്ടിലോകത്തെ ഭരിക്കുന്നതായി സങ്കല്പിക്കയൊ ദൂരസംസാരയന്ത്രസഹായത്താലെന്നവണ്ണം അദ്ദേഹത്തോട് അവർ സംഭാഷിക്കയൊ ചെയ്യുകയില്ല. മാത്രമല്ല, ദൈവചിന്തയുടെ കൂദാശയായി ആ സമയംമുതൽ അവർ പ്രപഞ്ചത്തെ വീക്ഷിച്ചുതുടങ്ങുകയും അതിനെ നിമിഷന്തോറും വഹിക്കയും സംരക്ഷിക്കയുംചെയ്യുന്നതു് അവിടത്തെ ചിന്താതിരുവുള്ള വലയമാകുന്നു എന്നു ഗ്രഹിക്കയുംചെയ്യും. അവിടത്തെ പരോക്ഷതയല്ലാ സാന്നിദ്ധ്യമാണു പ്രപഞ്ചത്തെ അതിന്റെ സജീവസ്ഥിതിയിൽ പരിപാലിച്ചുകൊണ്ടുപോകുന്നതെന്നു മനസ്സിലാക്കികൊണ്ടു പ്രാണസ്നേഹിതനെപ്പോലെ അദ്ദേഹത്തോടു സംസാരിക്കുവാൻ അവർ ശ്രമിച്ചുപ്പെടുന്നു. ഒരു കൂദാശയുടെ ആരംഭം എപ്പോഴും ഒരു ബാഹ്യവസ്തുവായിട്ടാണ്. അതിമഹനീയ കൂദാശയായ യേശുക്രിസ്തുപോലും ഇപ്രകാരമായിരുന്നു. അദ്ദേഹത്തെ ഉൾകൊണ്ടതിന്നുമുമ്പായി ഒരു ഗുരുവിന്റെ പിന്നാലെ എന്നപോലെ ശിഷ്യന്മാർ അദ്ദേഹത്തെ അനുഗമിച്ചു. കൂദാശകളിൽവച്ചു വലിയ കൂദാശയായ പരിശുദ്ധ കുർബാനയും ഇതുപോലെതന്നെ. അതിൽ സജീവമായി സ്ഥിതിചെയ്യുന്ന ദിവ്യൻ മനുഷ്യരിൽനിന്നു ഇതരമായിരിക്കുന്നു. വിശുദ്ധ കൂടാരത്തെയും ബലിപീഠത്തെയും (ത്രോണോസ്സിനെയും) നോക്കി നമുക്കു ആരാധന കഴിക്കാം. അദ്ദേഹം അവിടെ സന്നിഹിതനായിരിക്കുന്നു. എന്തെന്നാൽ ദൈവത്തിന്റെ പ്രേമചിന്തയുടെ മഹൽപൂൎത്തീകരണം അവിടെയുണ്ട്. ഈ കൂദാശയുടെ ആഭ്യന്തരവശത്തെ വിസ്മരിച്ചിട്ട് ബാഹ്യവശത്തെ മാത്രം ദർശിക്കയാണെങ്കിൽ ഒരുകാലത്തുണ്ടായ സാന്നിദ്ധ്യത്തിന്റെയോ സ്നേഹപ്രവൎത്തനങ്ങളുടെയോ സ്മരണ മാത്രമായിട്ടെ അതു നിലനിൽക്കുകയുള്ളു. പ്രപഞ്ചത്തിൽ ദൈവസാന്നിദ്ധ്യമില്ലെന്നു സിദ്ധാന്തിച്ച ഏക ദൈവമതക്കാരെപ്പോലെയാണു ഈ കൂട്ടർ. എന്നാൽ വിശ്വാസികൾക്കു പുറമെയുള്ള സംഗതി ശീഘ്രം അകമെയുള്ളതായിത്തീരുന്നു. "എന്നെ ഭക്ഷിക്കുന്നവൻ എന്നാൽ ജീവിക്കും"; "എന്റെ ശരീരം ഭക്ഷിക്കയും എന്റെ രക്തം കുടിക്കയുംചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു". വെളിയിൽനിന്നു അന്തരംഗത്തേക്കുള്ള പ്രവേശനത്തെ ഒരിക്കൽ ഗ്രഹിക്കയും സ്വാഗതംചെയ്കയുംചെയ്തുകഴിഞ്ഞാൽ പ്രാൎത്ഥനാജീവിതത്തിൽ ഒരു ഗതിവ്യത്യാസം ഉണ്ടാകുന്നു. അതായതു്, ഒരു നൂതന ആൽമീയദർശനമാൎഗ്ഗം ആവിർഭവിക്കുന്നു. മേലാൽ നാം നമ്മുടെ ആത്മാവിൽനിന്നു ഇതരമായ സ്ഥാനത്തേക്കു ദൃഷ്ടികൾ പതിച്ചു പ്രാൎത്ഥിക്കേണ്ട ആവശ്യമില്ല. അതു നമ്മുടെ അന്തരംഗത്തു വസിക്കുന്ന ക്രിസ്തുവിനോടുള്ള സംയോജിപ്പു സാധിപ്പായമാക്കുന്നതിന്നുവേണ്ടിയ പരിശീലനമായിരിക്കും. ആന്തരീകമായതിൽനിന്നു ആരംഭിച്ചു ബാഹ്യമായതിന്നുവേണ്ടി കാത്തിരിക്കാം. ഇങ്ങനെ നാം ചെയ്യുന്നതു് പുറമെ സ്ഥിതിചെയ്യുന്ന ക്രിസ്തുവിനോടു പ്രാൎത്ഥിക്കുന്നതിനേക്കാളധികം നമ്മിലിരുന്നുകൊണ്ടു പ്രാർത്ഥിക്കുന്ന ക്രിസ്തുവിനോടുള്ള സംയോജിപ്പാണ്. അപേക്ഷ, മദ്ധ്യസ്ഥപ്രാൎത്ഥന, സ്തുതി, കൃതജ്ഞതാപ്രകാശനം ഇവ ഓരോന്നിനും ഇപ്പോഴും സ്ഥാനമുണ്ടു്. എന്നാൽ നമ്മുടെ ബലഹീനത അദ്ദേഹത്തിന്റെ ശക്തിയിൽ പ്രബലപ്പെട്ടു സുരക്ഷിതമായിരിക്കും. അദ്ദേഹംതന്നെ അരുളിചെയ്യുന്നതു കേട്ടാലും:—"ഞാൻ നിങ്ങൾക്കുവേണ്ടി പിതാവിനോടു പ്രാൎത്ഥിക്കും എന്നു ഞാൻ നിങ്ങളോടു പറയുന്നില്ല." പിതാവു പുത്രനെ സ്നേഹിക്കയും അദ്ദേഹം ദൈവത്തിൽനിന്നു വന്നവനാണെന്നു നാം വിശ്വസിക്കയുംചെയ്തിട്ടു, ആൽമവാസസ്ഥലമാകുന്ന നമ്മുടെ അന്തരംഗത്തു് അദ്ദേഹത്തെ പ്രവേശിപ്പിക്കയുംചെയ്യുകമൂലം, നമ്മെ സ്നേഹിക്കുന്ന പിതാവിനോടു് അദ്ദേഹം നമ്മിലിരുന്നുകൊണ്ടു പ്രാൎത്ഥിക്കുന്നതുകൊണ്ടല്ലയൊ ഇപ്രകാരം അദ്ദേഹം പ്രസ്താവിപ്പാൻ സംഗതിയായതു്?

(തുടരും)

കൃപ

(ദിവ്യശ്രീ മൂക്കഞ്ചേരിൽ പ[illegible]ർ, ബി, ഏ., ബി. ഡി., എൽ. ടി)

കൃപ [illegible] ന്മാരുതതരുടേയും മാത്രമല്ല, സഭ മുഴുവ[illegible] [illegible]യുടെ രഹസ്യസമ്പൂൎണ്ണമായ [illegible] അതിന്റെ ജീവൻപ്രാപി

ക്കുന്നതു. മിശിഹാ ദൈവമാകയാൽ മിശിഹായിൽ ഈ ദൈവികജീവൻ പൂർണ്ണമായി വസിക്കുന്നു. മനുഷ്യാവതാരത്തിൽ, ദൈവം നമ്മുടെ മനുഷ്യപ്രകൃതി എടുത്തപ്പോൾ, അവന്റെ ദൈവികജീവനു് ഭാഗഭാക്കാകുന്നതിനു, അതായതു അവന്റെ കൃപ ലഭിക്കുന്നതിനു, നമുക്കു സാധിച്ചു. ആകയാൽ ഈ കൃപ, അല്ലെങ്കിൽ ദൈവികജീവൻ, നമ്മെ മോക്ഷപ്രാപ്തരാക്കുന്നതിനുള്ള ദൈവ ദാനമാണു. അതിന്റെ ഉദ്ദേശം മനുഷ്യനെ അവന്റെ താണപതനത്തിൽ നിന്നു സ്വർഗ്ഗീക മഹത്വത്തിലേയ്ക്കു ഉയർത്തുകയാകുന്നു. മനുഷ്യൻ ലോകജീവിയാകകൊണ്ടു അവന്റെ സ്വന്തം പ്രയത്നംകൊണ്ടോ അവന്റെ ഇപ്പോഴത്തെ നിലയിലോ ഇതു സാധിപ്പാൻ നിവൃത്തിയില്ല. അവനു വ്യത്യാസം വരേണ്ടിയിരിക്കുന്നു. ഈ വ്യത്യാസം വരുത്തുവാൻ ദൈവകൃപക്കുമാത്രമേ സാധിക്കയുള്ളു. കൃപ മഹത്വത്തിന്റെ ബീജമാണു. ശരീരത്തിനു ജീവൻ എപ്രകാരമോ അപ്രകാരമാണു ആത്മാവിനു കൃപ.

പ്രത്യേക അവസരങ്ങളിൽ ദൈവം പരിശുദ്ധ റൂഹാമൂലം നമ്മേ സഹായിക്കുന്നുണ്ടു. ദൈവം പ്രാർത്ഥിപ്പാൻ നമുക്കു ആദ്യമായി കൃപ നല്കുന്നു; പിന്നീടു നമ്മുടെ പ്രാർത്ഥനകൾക്കു മറുപടിയായി പരീക്ഷയുടെ സമയങ്ങളിലും നമുക്കു ആവശ്യമുള്ള മററു സമയങ്ങളിലും കൃപ നൽകുന്നു. ഇങ്ങനെ ദൈവം പുറമെനിന്നു നമ്മുടെ മനോനിശ്ചയങ്ങളിൽ ബലം നൽകിക്കൊണ്ടു പ്രവർത്തിക്കുന്നു.

ഇതിനു പുറമെ ദൈവം ആത്മാവിനു കൃപ നൽകീട്ടു് ആത്മാവിൽ അതിനെ വസിപ്പിക്കുന്നു. ശരീരത്തോടു ജീവൻ ചേർന്നിരിക്കുന്നതുപോലെ ആത്മാവിനോടു കൃപ ചേർന്നു് നമ്മെ ദൈവമുമ്പാകെ പരിശുദ്ധരാക്കുന്നു. വേദത്തിൽ ഇതിനു "ജീവൻ", "പരിശുദ്ധാത്മാവിന്റെ ബീജം", "അഭിഷേകം", "സ്നേഹം" എന്നെല്ലാം പേരുകളുണ്ടു. ഇത്തരം കൃപയാൽ ദൈവം തന്നെ നമ്മുടെ ആത്മാക്കളിൽ വസിക്കുകയാണു ചെയ്യുന്നതു; നാം ദൈവപ്രകൃതിക്കു ഭാഗഭാക്കുകളായിത്തീർന്നു, "മിശിഹായിൽ", "രക്ഷാവസ്ഥയിൽ", "കൃപയിൽ" സ്ഥിതിചെയ്യുന്നു എന്നു പറയുകയും ചെയ്യുന്നു.

കൂദാശകൾ എന്ന രഹസ്യസമ്പൂർണ്ണമായ വഴിയിൽ കൂടിയാണു ദൈവം നമ്മിൽ വസിക്കുന്നു എന്നർത്ഥമായ ഇത്തരം കൃപ ആത്മാവിലേക്കു പകരുന്നതു. കൂദാശകൾക്കു മനുഷ്യാവതാരദാനങ്ങൾ എന്നു പേരുണ്ടു; എന്തുകൊണ്ടെന്നാൽ അവ വഴിയായി, മനുഷ്യാവതാരം മൂലം നമ്മുടെ വകയായിത്തീർന്ന ദൈവികജീവൻ പ്രദാനം ചെയ്യപ്പെടുന്നു. ആകയാൽ രഹസ്യസമ്പൂർണ്ണമായ മിശിഹായുടെ ശരീരം, അതായതു സഭ, ലോകം മുഴുവനും വ്യാപിക്കുന്നു. മനുഷ്യാവതാരത്തിൽ, ദൈവപുത്രൻ മാനുഷികവും ശാരീരികവുമായ ആകൃതിയെ ധരിച്ചപ്രകാരം അവന്റെ [illegible] ജീവൻ ഭൗമികമായ ആകൃതികളിൽ കൂദാശകളിൽ നമുക്കു നൽ[illegible] കൂദാശകൾ വഴിയായി, നമ്മുടെ ആത്മിയജീവന്റെ ജ[illegible]ഖ്യം എന്നിവക്കുള്ള കൃപ നമുക്കു തരുന്നു. [illegible]ച്ച്, പോഷണം, രോഗശാന്തിക്കു[illegible]

ആത്മീകജീവിതത്തിലും:– മാമോദീസായിൽ ആത്മാവു വീണ്ടും ജനിക്കുന്നു മൂറോനാൽ മിശിഹായുടെ പൂർണ്ണതയിലേക്കുള്ള വളൎച്ചയിലേക്കു വന്നെത്തുവാൻ ആത്മാവിനു ശക്തികിട്ടുന്നു, കുർബ്ബാനയിൽ ആത്മാവിനു പോഷണം ലഭിക്കുന്നു. കുമ്പസാരിച്ചു് പാപമോചനം പ്രാപിക്കുമ്പോൾ ആത്മാവിൻെറ ആത്മീക രോഗങ്ങൾക്കുശമനം കിട്ടുന്നു മനുഷ്യജാതിയുടെ നിലനില്പിനു വിവാഹം ആവശ്യമാണു്. ലോകത്തിൽ വിശ്വാസികൾ വർദ്ധിക്കുന്നതിനു വിശുദ്ധ വിവാഹ കൂദാശയാൽ വിവാഹം ശുദ്ധീകരിക്കപ്പെടുന്നു. പട്ടത്വംമൂലം ആത്മീക സമുദായമാകുന്ന ക്രിസ്തുസഭ ഭരിക്കപ്പെടുന്നു. നമ്മുടെ ഇഹലോകവാസം അവസാനിക്കാറാകുമ്പോൾ, നാം രോഗം പിടിപെട്ടു് മരിച്ചുപോകുമെന്നുള്ള ഘട്ടമാകുമ്പോൾ, ഉപയോഗപ്പെടുത്തുന്നതിനു തൈലാഭിഷേകം എന്ന കൃപാമാൎഗ്ഗത്തെ ദൈവം നമുക്കു തന്നിരിക്കുന്നു. ഇതു ആത്മാവിനു ആരോഗ്യവും ദൈവേഷ്ടമെങ്കിൽ ശരീരത്തിനും കൂടി ആരോഗ്യവും നല്കുന്നു.

നമ്മുടെ ആത്മാക്കളിൽ ഉള്ള ഈ കൃപയെ, അഥവാ ദൈവീക ജീവനെ, നശിപ്പിക്കുന്ന ഏക സംഗതി മനഃസ്സോടുകൂടി നാം ചെയ്യുന്ന പാപമാണു്. ദൈവത്തിൻെറ കൃപ പൊയ്പോയാൽ ആത്മാവു മരിക്കുന്നു. ദൈവത്തിൻെറ കൃപ വീണ്ടും പുതുതായി നൽകപ്പെട്ടെങ്കിൽ മാത്രമേ ആത്മാവു ജീവിക്കയുള്ളു. ഇതുകൊണ്ടാണു കൃപ എന്താണെന്നും അതു പ്രാപിപ്പാനുള്ള വഴി എന്താണെന്നും നാം മനസ്സിലാക്കേണ്ടതു വളരെ പ്രധാനമായിരിക്കുന്നതു്. "എൻെറ ആത്മാവു കൃപയിൽ ഇരിക്കുന്നുവോ?" എന്നുള്ള ചോദ്യം നമ്മിൽ ഓരോരുത്തനും സർവ്വപ്രധാനമാണു്. നമ്മുടെ ആത്മാക്കളിൽ ദൈവം തൻെറ ഭാഗം പ്രവൎത്തിക്കത്തക്കവണ്ണം നാം നമ്മുടെ ഭാഗം കഴിയും വിധം പ്രവൎത്തിച്ചിട്ടുണ്ടോ എന്നു വളരെ ഗൌരവമായി നാം നമ്മോടു തന്നെ ചോദിക്കേണ്ടതാണു്. നമ്മുടെ ആത്മാക്കളിലേക്കുള്ള ദൈവീകജീവൻെറ ഉറവകളാകുന്ന എല്ലാ കൃപാമാൎഗ്ഗങ്ങളെയും നാം ഉപയോഗിച്ചിട്ടുണ്ടോ? എങ്കിൽ മാത്രമേ ദൈവം നമുക്കുതരുന്ന കൃപയുടെ യാതൊരു ഭാഗവും നാം നഷ്ടപ്പെടുത്താതിരിക്കയുള്ളു. കൂദാശകൾ ദൈവം നമുക്കു തരുന്ന സമ്മാനങ്ങളാണു്; ഏതെങ്കിലും ഒന്നിനെ നാം മനസ്സോടെ ഉപേക്ഷിക്കുന്നു എങ്കിൽ അതു നിശ്ചയമായും ദൈവത്തോടുള്ള സ്നേഹക്കുറവും നന്ദികേടും ആയിരിക്കും. ഇതുമൂലം നമുക്കുതന്നെ നാം വലിയ നഷ്ടവും അപകടവും വരുത്തിവെയ്ക്കുകയാണു്.

ഒരു സംഭാഷണം.

...ന്നിക്കരെ വാസിയായ വ. ദി. ശ്രീ.
അ... നേപ്പോരം ഞങ്ങളുടെ പത്രാധിപകമ്മ...
സംക്ഷിപ്തവിവരം, "സമാധാനദൂത...

ന്റെ" അവശിഷ്ടമായി, തന്റെ മാന്ത്രികശക്തിയുമായി സഭാസമാധാനയത്നങ്ങൾ സഫലമാക്കുന്നതിലേക്കു ചെല്ലികണക്കെ പ്രചരണവേലക്കായി ഓരോ സ്ഥലത്തും പറന്നെത്തി മലങ്കര സഭാംഗങ്ങൾക്കു ഈയിടെ കൂടുതൽ പരിചിതനായിതീർന്നിട്ടുള്ള അദ്ദേഹത്തിന്റെ ഇംഗിതജ്ഞാനത്തെപ്പററിയും അതോടുകൂടെതന്നെ ശീമയിലെ നമ്മുടെ സഹോദരീസഭയെയും സഭാംഗങ്ങളേയുംപററിയും മാസികാവായനക്കാർക്കു ഏതാണ്ടൊരു പരിജ്ഞാനം നൽകുമെന്നുള്ളതിനാൽ, ഇവിടെ ചേർക്കുന്നതാണ്—Ed.

മെത്രാന്മാരെ ഉരുവാക്കുന്ന ഏക മൂശയും മുടക്കു എന്ന അഗ്നേയാസ്ത്രം കൈവശമുള്ളവരും ആത്മാററ സംഭവംമൂലവും മററും നോക്കാൻകൊള്ളാത്ത പൊന്നിനു് ആഴ്ചക്കുററം പറയുന്നവരും, സകല ക്രിസ്തീയ നന്മകളുടെയും ഉറവകണ്ണിയുമായി വിചാരിക്കപ്പെട്ടു പോരുന്ന പാത്രിയർക്കീസന്മാരെ വളർത്തിവിടുന്ന ശീമക്കാരെ—"നിങ്ങൾ നിങ്ങളുടെ പുലയർ മാമോദീസാ മുങ്ങിയവരെ മെത്രാനായി വാഴിക്കുമോ" എന്നുള്ള മാർ ഒസ്താത്തിയോസു മെത്രാപ്പോലീത്തായുടെ ചോദ്യത്താൽ പ്രസ്പഷ്ടമാക്കിയിട്ടുള്ളപ്രകാരം, അന്യരാജ്യക്കാർ എത്രതന്നെ ക്രിസ്തീയജീവിതം, വേദപാണ്ഡിത്യം സ്വഭാവനൈർമ്മല്യം എന്നീ യോഗ്യതകൾ തികഞ്ഞവരായിരുന്നാലും പാത്രിയർക്കാസ്ഥാനത്തിനു തിരഞ്ഞെടുക്കപ്പെടുകയൊ അവരോധിക്കപ്പെടുകയൊ ചെയ്യുകയില്ലെന്നു മാത്രമല്ല ആ തെരഞ്ഞെടുപ്പുയോഗത്തിൽ വോട്ടുപോലും കൊടുക്കുവാൻ അവകാശം അനുവദിക്കാത്ത നമ്മുടെ ശീമക്കാരെതന്നെ—നേരിട്ടുകണ്ടോ അവിടെ ഇംഗ്ലീഷുഭാഷ അറിയാവുന്നവരോടു എഴുത്തുകുത്തുചെയ്തോ, ഇന്നത്തെ നാസി ജർമ്മൻകാർ ഭൂമിയിലെ രാജ്യങ്ങളെ ഭരിപ്പാൻ ദൈവത്താൽസൃഷ്ടിക്കപ്പെട്ടവർ തങ്ങൾമാത്രം എന്നു് അവർ ഘോഷിക്കുന്ന തത്വംപോലെ, സഭാഭരണം നടത്താൻ വേണ്ട പാത്രിയർക്കീസന്മാരെ സംജാതമാക്കുന്ന ശീമയിലെ ദേശാവസ്ഥ, ഭൂപ്രകൃതി, ഭക്ഷണരീതി, വിദ്യാഭ്യാസസമ്പ്രദായം, നിത്യസമ്പർക്കത്തിനു സഹായകമായിട്ടുള്ള ഇതര സമുദായങ്ങൾ, എന്നിങ്ങനെ അതിലേക്കു സഹായകമായി നിൽക്കുന്ന പരിതസ്ഥിതികളെപ്പററിയും എല്ലാററിലും ഉപരിയായി അവിടത്തെ സഭാംഗങ്ങളുടെയും സഭയുടെയും സ്ഥിതിഗതികളെപ്പററിയും വിശ്വാസാചാരങ്ങളെപ്പററിയും—കഴിഞ്ഞ ഏതാനും സംവത്സരങ്ങളായി പാത്രിയർക്കീസു പക്ഷക്കാരുടെയും കാതോലിക്കാപക്ഷക്കാരുടെയും പൂർവ്വാപരവിരുദ്ധങ്ങളായ ഓരോ പ്രസ്താവനകളിൽനിന്നും സംഗതികളുടെ യഥാർത്ഥ വിവരം അറിയാൻ പ്രയാസമാകയാൽ—ഒരു സത്യാന്വേഷി എന്ന നിലയിൽ യഥാർത്ഥം ബോദ്ധ്യപ്പെട്ടാൽ ഒരു പക്ഷത്തോടു നില ഉറപ്പിക്കാമെന്നു കരുതിയും ഞാൻ വളരെ നാളായി അതിനുള്ള മാർഗ്ഗങ്ങളെപ്പററി ആലോചിക്കാറുണ്ടു്. അതിനു ഇവിടെയുള്ള രണ്ടു മാർഗ്ഗങ്ങൾ— 1) മാർ യൂലിയോസു്, ശീമറമ്പാൻ എന്നിവരെ കണ്ടു ചോദിച്ചറിയുക എന്നുള്ളതും, 2) അതിനു സാദ്ധ്യമായില്ലെങ്കിൽ അവരിൽ ആരിൽനിന്നെങ്കിലും അവിടെയുള്ള മേലദ്ധ്യക്ഷന്മാരുടെയൊ മററു മാന്യന്മാരായുള്ളവരുടെയൊ മേൽവിലാസം കിട്ടിയിട്ടു് അവരുമായിട്ടു് എഴുത്തുകുത്തു നടത്തിയൊ, അവിടത്തെ സഭവകയായി പ്രസിദ്ധീകരിച്ചിട്ടുള്ളതും പ്രസിദ്ധീകരിക്കുന്നതുമായ ഇംഗ്ലീഷുപുസ്തകങ്ങൾ, മാസികകൾ, വർത്തമാനപത്രങ്ങൾ എന്നിവ വരുത്തി വായിച്ചറിയുകയൊ എന്നുള്ളതും—അത്രെ. ഇവയിൽ ഒന്നാമത്തെ മാർഗ്ഗം ക്ഷണസാദ്ധ്യമായിട്ടുള്ളതും, രണ്ടാമത്തേതിനു മാർഗ്ഗദർശിത്വം നൽകുമെന്നുള്ളതിനാലും രണ്ടാമത്തേതിനു മററു വഴികളിൽ ഇതുവരെയും ശ്രമിച്ചതിൽ ഫലം തൃപ്തികരമല്ലാത്തതിനാലും ഒന്നാമത്തെ വഴി തെളിഞ്ഞു കിട്ടുന്നതിനും സൗകര്യം നോക്കിപ്പാർത്തിരിക്കുമ്പോളാണു് പണ്ഡിതനായ റമ്പാൻ എന്റെ അയൽപക്കത്തു് ഒരു വീട്ടിൽ വന്നിരിക്കുന്നതായി അറിവാൻ ഇടയായതു്. ഇദ്ദേഹത്തിനു ഇംഗ്ലീഷും മലയാളവും നല്ലതുപോലെ മനസ്സിലാക്കാനും സംസാരിക്കുവാനും അറിയാമെന്നു കേട്ടപ്പോൾ എന്റെ ആശ ശതഗുണീഭവിക്കുകയും കിട്ടിയ സമയത്തിൽ അരനിമിഷവും നഷ്ടപ്പെടുത്താതെ അദ്ദേഹത്തിന്റെഅടുക്കലേക്കു ഓടിഎത്തുകയുംചെയ്തു. ഞാൻ ദൂരെനിന്നും കയറിചെല്ലുന്നതുകണ്ടുകൊണ്ടു് റമ്പാച്ചന്റെ സമീപത്തിരുന്ന അദ്ദേഹത്തിന്റെ Host-ം (അതിഥേയൻ) പാത്രിയർക്കീസുപക്ഷത്തെ ഒരു വൈദികനുമായ എന്റെ ഒരു മിത്രം എന്നെപ്പററി ഒട്ടധികം പറഞ്ഞു മനസ്സിലാക്കിയിരുന്നതിനാൽ പ്രാരംഭചടങ്ങുകൾക്കുവേണ്ടി സമയംകളയാതെ പ്രകൃതത്തിലേക്കു ക[illegible] പ്രവേശിക്കുവാൻ സൌകര്യംലഭിച്ചു. ഞാൻ ചെല്ലുന്നതിനു അല്പം മുമ്പുതെ[illegible] ഉന്നത ബിരുദധാരിയായ കാതോലിക്കാപക്ഷത്തെ ഒരു ശെ[illegible] പിടിച്ചിരുന്നതുകൂടാതെ എന്നോടുകൂടെയും ഞാൻ ചെന്ന്[illegible] രണ്ടു അത്മായക്കാരും അവിടെ വന്നുചേർന്നു. [illegible] ില്ലമായിരുന്നു. വായനക്കാരെഉദ്ദേശ്[illegible]

ഞാൻ—റമ്പാച്ചാ ഞാൻ ഒരു സത്യാന്വേഷിയായ കത്തോലിക്കാപക്ഷക്കാരനാണ്. എനിക്കു നിങ്ങളുടെ ശീമസഭയെപ്പററിയും ഞങ്ങളുടെ നിലയെപ്പററി നിങ്ങളുടെ എതിർവാദന്യായാന്യായങ്ങളെപ്പററിയും ചിലതെല്ലാം അറിഞ്ഞാൽകൊള്ളാമെന്നുദ്ദേശിച്ചു വന്നതാണ്. എന്റെ നില അബദ്ധമാണെന്നു എന്നെ ബോദ്ധ്യപ്പെടുത്തിതന്നാൽ കക്ഷിമാറുന്നതിനും എനിക്കു വിരോധമില്ല.

റമ്പാച്ചൻ—നിന്നെപ്പററി അറിയാം. (എനിക്കു ഈ മാസികയുമായുള്ള ബന്ധം അറിഞ്ഞിരുന്നതുകൊണ്ടു) വ്യാജപ്രസ്താവനകൾ ചെയ്യുന്ന മാസികയുടെ ചുമതലക്കാരനല്ലേ. ചോദ്യം ചോദിക്കുന്നതു എന്തിനാണു? ഞാൻ പറയുന്നതെല്ലാം പ്രസിദ്ധം ചെയ്യാനാണൊ?

ഞാൻ—മാസിക ഏവർക്കും വായിക്കത്തക്കവണ്ണം അച്ചടിപ്പിച്ചു പ്രസിദ്ധം ചെയ്യുന്ന ഒരു പ്രസിദ്ധീകരണമാണു. ഇതു കത്തോലിക്കാപക്ഷക്കാരുടെ ഇടയിൽ മാത്രം രഹസ്യമായി പ്രചരിപ്പിക്കുന്ന ഒന്നല്ല. വരിസംഖ്യതരുന്ന ഏവർക്കും ഇതു അയച്ചുകൊടുക്കാൻ ഞങ്ങൾ തയ്യാറാണ്. ഇതിന്റെ വരിക്കാരായി റോമൻ കത്തോലിക്കരും പാത്രിയർക്കീസുപക്ഷക്കാരും—പട്ടക്കാർ, മേല്പട്ടക്കാർ ഉൾപ്പടെ—പലരുണ്ടു്. ആംഗ്ലേയരും മാർത്തോമ്യരുമായവരും ഇതു മുറക്കുവായിക്കുന്നുണ്ടു. ആ സ്ഥിതിക്കു ഇതിൽ അവാസ്തവ പ്രസ്താവനകൾ വല്ലതും കണ്ടാൽ ആർക്കും ആ വിവരം ഞങ്ങളുടെ ദൃഷ്ടിയിൽ കൊണ്ടുവന്നു തിരുത്തിക്കാവുന്നതും അതിനു ഞങ്ങൾ വിസമ്മതിക്കുന്നപക്ഷം ആ വിവരം കാണിച്ചു നിങ്ങളുടെ മാസികയിലൊ പ്രതിദിനപത്രങ്ങളിലേതിലെങ്കിലും തന്നെയുമൊ എതിരു എഴുതാവുന്നതാണല്ലൊ. അങ്ങിനെ എന്തെങ്കിലും നിങ്ങളുടെ പക്ഷത്തെ വലിയ വാശിക്കാരായവരിൽ ഞങ്ങളുടെ വരിക്കാരായിട്ടുള്ളവരിൽ നിന്നുപോലും കേട്ടിട്ടില്ല. എന്നുതന്നെയല്ല, നിങ്ങളുടെ പക്ഷക്കാരായ വരിക്കാരുടെ എണ്ണം വർദ്ധമാനമായികൊണ്ടിരിക്കുകയുംചെയ്യുന്നുണ്ടു്. മററാരും ഇതേവരെ ഇങ്ങനെ ഒരു ആരോപണം ഞങ്ങളുടെമേൽ ചുമത്തിയിട്ടില്ലെങ്കിലും റമ്പാച്ചന്റെ അറിവിൽപെട്ട വല്ലതുമുള്ളപക്ഷം അതു പറഞ്ഞുതന്നാൽ അതിനു ഇപ്പോൾതന്നെ സമാധാനം പറഞ്ഞുതരികയും ചെയ്യാം.

ഇതിനു മറുപടിയായി അബ്ദൽമ്ശിഹാ പാത്രിയർക്കീസിന്റെ സ്ഥാനസാധുത്വത്തെയും മററും സംബന്ധിച്ചു മാസികയിലെ പ്രസിദ്ധീകരണങ്ങളെപ്പററി പ്രസ്താവിക്കുകയും അതിനു സമാധാനമായി ഞാൻ ചില സമാധാനങ്ങൾ പറകയുമുണ്ടായി. അവയെല്ലാം ഇപ്പോൾ കോട്ടയംജില്ലാക്കോടതിയിൽ വിസ്താരത്തിലിരിക്കുന്നകേസിലെ വാദമുഖങ്ങളുടെതെളിവിനെ സ്പർശിക്കുന്നവയാകയാൽ (Sub judice) ആ ഭാഗം മുഴുവനായി ഇവിടെ പ്രസ്താവിക്കുവാൻ നിവൃത്തിയില്ലാത്തതിൽ വ്യസനിക്കുന്നു എങ്കിലുംഅവയിൽ ഒരുപ്രധാനപോയിന്റ് അബ്ദൽമ്ശിഹാപാത്രിയർക്കീസിനുഏലിയാസുപാത്രിയർക്കീസിനുണ്ടായിരുന്നത്രയും മുദ്ര ഇല്ലായിരുന്നു എന്നുള്ളതായിരുന്നു. അതിനു മറുപടിയായി മുദ്രയാണു സ്ഥാനസാധുത്വത്തെളിവെങ്കിൽ ഇപ്പോഴത്തെ നിങ്ങളുടെ പാത്രിയർക്കീസിന്റെ പടംകണ്ടിട്ടുള്ളതിൽ ഒന്നിലും ഏവംവിധമുദ്രകൾഉള്ളതായി കാണുന്നില്ലാത്തതിനാൽ അദ്ദേഹത്തിനു ശരിയായപാത്രിയർക്കാസ്ഥാനം ഇല്ലെന്നുസമ്മതിക്കുമൊ? അങ്ങിനെമുദ്രകൾധരിച്ച പടം ഉണ്ടെന്നു റമ്പാച്ചൻ മറുപടിപറകയും അങ്ങിനെഉള്ളതായിസ്ഥാനാരോഹണം കഴിഞ്ഞ ഉടൻ തന്റെ ജീവചരിത്രത്തോടുകൂടെ പാത്രിയർക്കാ അരമനയിൽനിന്നും അയച്ചുകൊടുത്തു ഒരു ഇംഗ്ലീഷ് പത്രത്തിൽ പ്രസിദ്ധംചെയ്തിട്ടുള്ള പടത്തിൽപോലുംഒരുമുദ്രയുംകണ്ടിട്ടില്ലഎന്നു ഞാനും മറുപടിപറഞ്ഞു ആ രംഗം അവസാനിപ്പിച്ചു.

ഞാൻ—ശീമയിൽ നിങ്ങളുടെ പാത്രിയർക്കീസിന്റെകീഴിൽ എത്ര മെത്രാന്മാരുണ്ടു്.

റമ്പാൻ—എത്രഎന്നു എനിക്കു സൂക്ഷ്മമായി അറിയാൻ പാടില്ല.

ഞാൻ—റമ്പാച്ചനെപ്പോലെ സഭയിലെ പണ്ഡിതനായ ഒരു സ്ഥാനിക്കു സൂക്ഷ്മമായി അറിയാൻ പാടില്ലാത്തവണ്ണം അത്ര വളരെ മെത്രാന്മാരുണ്ടോ? ഞാൻ ഒരു സത്യാന്വേഷിയാണെന്നു മുമ്പെ പറഞ്ഞുവല്ലൊ. അവരുടെ [illegible] മേൽവിലാസവും കിട്ടിയാൽ അവരുടെ പേർക്കു എഴുത്തുകുത്തു ചെയ്തിട്ടു [illegible]രണാർത്ഥം പല സംഗതികൾ അറിയാമായിരുന്നു.

റമ്പാൻ—ഞ[illegible]വല്ല. ഞാൻ അവിടെ നിന്നും പോന്നിട്ടു [illegible] മേൽവിലാസവും സൂക്ഷ്മമായി [illegible]

ഞാൻ–മെത്രാസന ഇടവകകൾ ഏവയെന്നും അവയുടെ ഓരോന്നിന്റെയും ആസ്ഥാനം എവിടെയെല്ലാം എന്നും അറിയാമായിരിക്കുമല്ലോ. അവയെ ആസ്പദമാക്കി അറിയാവുന്നിടത്തോളം മെത്രാന്മാരുടെ പേരും മേൽവിലാസവും പറഞ്ഞുതരിക. അച്ചാ! (റമ്പാന്റെ അതിഥേയൻ) ഒരു കടലാസും പെൻസിലും തരണമെ, ഞാൻ അതു് ഒന്നു എഴുതികൊള്ളട്ടെ.

റമ്പാൻ–അതു ഞാൻ പിന്നാലെ എഴുതി ഈ കശീശായെ ഏല്പിച്ചേക്കാം.

ഞാൻ–അതു എന്തിനാണു നീക്കിവയ്ക്കുന്നതു്. റമ്പച്ചേനു അറിയാവുന്നിടത്തോളം ഇപ്പോൾ തന്നെ പറഞ്ഞുതരരുതോ?

റമ്പാൻ–അതു ഞാൻ ഇവിടെ [തിരുവല്ലാ) നിന്നും പോകുന്നതിനു മുമ്പു കശീശാ കയ്യിനെ ഏല്പിക്കാം (ബ: അച്ചനും അതു മതി- ഞാൻ വാങ്ങിച്ചുതരാം എന്നു പറഞ്ഞതനുസരിച്ചു)

ഞാൻ–അച്ചൻ ഏററല്ലോ. സംഗതി ഉഴപ്പരുതെ എന്നുപറഞ്ഞു ആ ഭാഗം വിട്ടുംവച്ചു് അതുപോകട്ടെ, നിങ്ങൾക്കു അവിടെ പാത്രിയക്കീസിന്റെ മേൽക്കോയ്മയിൽ എന്തുമാത്രം ആളുകൾ ഉണ്ടു് എന്നു പറയാമൊ ?

റമ്പാൻ—മൂന്നുലക്ഷം.

ഞാൻ—ഇതു് എന്നത്തെ ജനസംഖ്യയാണു്?

റമ്പാൻ—കഴിഞ്ഞ ലോകമഹായുദ്ധത്തിനുമുമ്പുള്ളതാണു്.

ഞാൻ—ഇപ്പോൾ എത്രയുണ്ടെന്നു പറയാമൊ?

റമ്പാൻ—ഇപ്പോഴും അതിൽ കുറവില്ല. അതിൽ അൻപതിനായിരം ജനം യുദ്ധത്തിനു ശേഷം അമേരിക്കയിലേക്കു പോയി അവിടെ താമസമാക്കിയിരിക്കുകയാണു്. ബാക്കി രണ്ടുലക്ഷത്തി അൻപതിനായിരം ശീമയിൽ ഇപ്പോഴും ഉണ്ടു്.

ഞാൻ—അപ്പോൾ നിങ്ങളുടെ ആളുകൾ ദൈവത്തിന്റെ പ്രത്യേക സംരക്ഷണയിലാണെന്നു തോന്നുന്നുവല്ലോ. യുദ്ധംകൊണ്ടു നിങ്ങൾക്കു് ആൾനാശം ഒന്നും ഉണ്ടായില്ലല്ലോ. യുദ്ധം കഴിഞ്ഞിട്ടു് ഇപ്പോൾ ഇരുപത്തഞ്ചു വർഷത്തോളമായിട്ടും ജനസംഖ്യ ഒട്ടും വർദ്ധിച്ചിട്ടുമില്ലല്ലോ. അതു് അതിശയമായിരിക്കുന്നു.

റമ്പാൻ—കഴിഞ്ഞ യുദ്ധത്തിനുശേഷം യൂറോപ്പിൽനിന്നും ഒരുലക്ഷത്തോളം ആളുകൾ പട്ടക്കാരും അത്മായക്കാരും ഉൾപ്പടെ ഒന്നിച്ചു ഇപ്പോഴത്തെപാത്രിയക്കീസിന്റെ അധികാരത്തിൻ കീഴിൽവന്നുചേന്നിട്ടുണ്ടു്. അവരിൽഒരാളെ മോറാൻ മെത്രാനായി വാഴിച്ചു് അയച്ചിട്ടും ഉണ്ടു്.

ഞാൻ—(പൊട്ടിചിരിച്ചുകൊണ്ടു്) അതിന്റെ കഥയെല്ലാം ഞങ്ങൾക്കു് അറിയാം. അവരെല്ലാം ഇപ്പോഴും നിങ്ങളുടെ പാത്രിയക്കീസിന്റെ ആജ്ഞയിൽതന്നെയാണൊ?

(ഇത്രയും പറഞ്ഞുവച്ചു് ആ പരിവത്തനവും സംയോജിപ്പുംസംബന്ധിച്ചു താഴെ Foot-note-ൽ ചേത്തിരിക്കുന്ന സംക്ഷിപ്തവിവരം എന്റെകൂടെ അവിടെ ഉണ്ടായിരുന്ന സ്നേഹിതന്മാരെ പറഞ്ഞു ധരിപ്പിച്ചു.)

---

* ഇങ്ങനെ കുറെ ആളുകൾ ചേന്ന വിവരവും അവക്കു ഒരു മേല്പട്ടക്കാരനെ Patriarch Mar Ephraim വാഴിച്ചുകൊടുത്ത വിവരവും മററും ആയിടെതന്നെ പാത്രിയക്കീസുപക്ഷക്കാരുടെ പത്രങ്ങളിൽ—തുഛസംഖ്യയായ ഓർത്തൊഡോക്സു കാർ പാത്രിയക്കീസിനെ നിഷേധിച്ചതിനു പകരമായി ഒരു ലക്ഷത്തോളം വരുന്ന ഒരു ജനസമൂഹം പാത്രിയക്കീസിന്റെ അധികാരത്തിൻകീഴ വന്നിരിക്കുന്നു എന്നു അത്ഥംവരത്തക്കവിധത്തിൽ—ജയഭേരി മുഴക്കിയിരുന്നതു ഞങ്ങളുടെ മാന്യ വായനക്കാരിൽ ചിലരെങ്കിലും കണ്ടിരിക്കുമെന്നു വിശ്വസിക്കുന്നു. പക്ഷെ "ദൈവം തന്നു ദൈവം എടുത്തു" എന്ന കണക്കെ ഒരു വാതലിൽകൂടെ വന്നു കയറിയ ഈ കൂട്ടർ പട്ടവും വാങ്ങികൊണ്ടു മറുവാതലിൽകൂടെ നോഹ സംരക്ഷിച്ച മലങ്കാക്കയെപോലെ ഇറങ്ങി പോകയുംചെയ്തു എന്നൊ മലപ്പെട്ടിക്കാരന്റെ കഥപോലെപാത്രിയക്കീസിനു അല്പദിവസത്തേക്കുണ്ടായ ഈ "വിജയശ്രീ" നിലനിന്നുള്ളുഎന്നൊമാത്രമെ സ്ഥലക്കുറവുമൂലംഇൗ അതിരസകരമായ അവരുടെ വരവും അവക്കു പട്ടംകൊടുത്തതും മററുമായ സംഭവത്തെപ്പററി വിസ്തരിക്കുവാൻ തരമുള്ളു 20-ാംനൂററാണ്ടിൽ യൂറോപ്പിൽനിന്നും വന്ന ഈ കൂട്ടർ ഇനിയും ആസ്ഥാനംഉറപ്പിച്ചിട്ടില്ലാത്തതും നേരഭേദമുള്ളതുമായ നമ്മുടെകൂട്ടരുടെ കൈക്കീഴിൽനില്ക്കുമെന്നു വിവരമുള്ളവർ വല്ലവരും വിശ്വസിക്കുമോ? ഇതുകൊണ്ടും "Certain goods should never be given up for uncertain hopes" ([illegible] വിട്ടു് പറക്കുന്നതിന്റെ പിന്നാലെ പോകരുതു)എന്നുള്ള ആപ്തവാക്യംഇതോ[illegible] ഈകൂട്ടരോടു് എന്തു പറയേണ്ടു: ഏതായാലും വന്നു തിരുമുൽക്കാഴ്ച[illegible]യശേഷം വീണ്ടുംകാണുകയോകേൾക്കുകയൊചെയ്തിട്ടില്ലാത്ത[illegible]ബാവാഹോംസിൽ ചെന്നപ്പോൾ പാത്രിയക്കീസിനെ[illegible]ിക്കുകയാണു്" എന്നു പറഞ്ഞതായി കേൾക്കുന്നു[illegible]പോക്കു്.

റമ്പാൻ—അവർ ഇപ്പോഴും മോറാന്റെ ആജ്ഞയിൻകീഴിൽതന്നെയാണ്.

ഞാൻ—അങ്ങിനെ എങ്കിൽ മുമ്പെ പറഞ്ഞ പത്തു മെത്രാന്മാരുടെ കൂട്ടത്തിൽ ഈ മെത്രാനും ഉൾപ്പെട്ടുമൊ? ഇല്ലെങ്കിൽ അദ്ദേഹത്തിന്റെ പേരും മേൽവിലാസവുംകൂടെ വരുത്തിതരുമൊ?

റമ്പാൻ—ഉൾപ്പെട്ടും

ഞാൻ—Dr. Canon Wigram എന്നൊരു ആംഗ്ലേയ പട്ടക്കാരനെപ്പററി കേട്ടിട്ടുണ്ടോ?

റമ്പാൻ—കേട്ടിട്ടുണ്ട്. അദ്ദേഹം മോറാന്റെ ഒരു വലിയ സ്നേഹിതനാണ്. അദ്ദേഹം മോറാന്റെ പാത്രിയക്കീസു പട്ടംകൊടുക്കു (ordination) ഹോംസിൽ വന്നിരുന്നു.

ഞാൻ—അതുതന്നെയാണ് എനിക്കു പറവാനുള്ളതു്. പക്ഷേ പാത്രിയക്കീസിന്റെ ordination (പട്ടംകൊട) എന്നല്ല പറയുന്നതു്. installation അല്ലെങ്കിൽ enthronement service (സ്ഥാനാരോഹണ ശുശ്രൂഷ) എന്നാണു പറയേണ്ടതു്.

റമ്പാൻ—അല്ല ordination എന്നുതന്നെയാണു പറയുന്നതു്.

ഞാൻ—സുറിയാനിസഭയുടെ വിശ്വാസം ഞാൻ അറിയുന്നപ്രകാരം മൂന്നുതറി പട്ടമെ ഉള്ളു—ശെമ്മാശ്ശൻ, കത്തനാരു്, എപ്പിസ്കോപ്പാ എന്നിങ്ങനെ മൂന്നുപട്ടം. പാത്രിയക്കീസ്, കാതോലിക്കാ, മെത്രാപ്പോലീത്താ എന്നിവയെല്ലാം അധികാരവ്യത്യാസത്തെ കാണിക്കുന്ന പേരുകൾ മാത്രമാണ്. നടവരം എല്ലാവർക്കും എപ്പിസ്കോപ്പായിലുകൂട്ടതലായി ഒന്നുമില്ല.

റമ്പാൻ—അല്ല, പാത്രിയക്കീസ് (ordination) പട്ടംതന്നെയാണ്.

(ഈ ഘട്ടത്തിൽ അച്ചൻ ഇടയ്ക്കു കയറി ശീമക്കാർ പട്ടംകൊട (ordination) എന്ന വാക്കു മാത്രമാണ് ordination-ം (പട്ടംകൊടയ്ക്കും) സ്ഥാനാരോഹണത്തിനും (installation) ഉപയോഗിക്കുന്നതെന്നെയുള്ളു. അവർക്ക് അതിന്റെ അർത്ഥവ്യത്യാസം അറിഞ്ഞുകൂടാ). ഇത്രയും പറഞ്ഞപ്പോഴേക്കു റമ്പാൻ അച്ചന്റെ നേരെ ഗർജ്ജിച്ചുകൊണ്ടു സുറിയാനിയിൽ ചിലതെല്ലാം പറകയും പാത്രിയക്കീസു പട്ടം ഒന്നു വ്യത്യസ്തമാണ്. അതിനു ഉപയോഗിക്കുന്നതാണ് "ക്ലീമീസിന്റെ പ്രാർത്ഥന" എന്നു പറകയുംചെയ്തു.

ഞാൻ—ക്ലീമീസിന്റെ പ്രാർത്ഥന എന്നു കേട്ടിട്ടുണ്ടു്. അതിന്റെ സാരാംശം ഞാൻ അറിഞ്ഞിരിക്കുന്നതുപ്രകാരമാണെങ്കിൽ ആ പ്രാർത്ഥന പൂർണ്ണ ഉൾഭരണസ്വാതന്ത്ര്യമുള്ള ഏതു സഭാമേലദ്ധ്യക്ഷന്റേയും സ്ഥാനാരോഹണത്തിൽആ പ്രോവിൻസിലുള്ളതു പ്രസ്തുതശുശ്രൂഷയിൽ ഭാഗഭാക്കാകുന്നവരുമായ എല്ലാ മേല്പട്ടക്കാരുംകൂടെ ചൊല്ലാവുന്നതും ചൊല്ലുന്നതുമായ ഒരു പ്രാർത്ഥനയാണ് അതു്. ഞങ്ങളുടെ കാതോലിക്കാബാവായുടെ സ്ഥാനാരോഹണശുശ്രൂഷയിലും ഈ പ്രാർത്ഥനതന്നെ അതിൽ സംബന്ധിച്ച വി. സുന്നഹദോസ് അംഗങ്ങൾ ഉപയോഗിച്ചിരിക്കുമെന്നാണ് എനിക്കു തോന്നുന്നതു്. ഏതായാലും അതേപ്പററി പട്ടംകൊട സംബന്ധിച്ച നിശ്ചയമുള്ള കാതോലിക്കാബാവാ തിരുമേനിയോടു ചോദിച്ചറിയുന്നതുവരെ കൂടുതലായിപറയുന്നില്ല എന്നു പറഞ്ഞിട്ടു ജനസംഖ്യയെപ്പററിയും Dr. Wigram നെപ്പററിയുമുള്ള സംഭാഷണഭാഗം തുടന്നു. അമേരിക്കയിൽ അമ്പതിനായിരം സുറിയാനിക്കാരുണ്ടെന്നു റമ്പാച്ചൻ പറഞ്ഞല്ലൊ: അവിടെ അവർക്കു മെത്രാനൊ പള്ളിയൊ പട്ടക്കാരൊ ഉണ്ടോ?

റമ്പാൻ—അവിടേക്കു ഇപ്പോൾ പ്രത്യേകം മെത്രാനില്ല. അവിടെ പട്ടക്കാരുമില്ല. ആറു പള്ളിയുണ്ടു്.

ഞാൻ—അൻപതിനായിരം ആളുകൾ ഉണ്ടെന്നുപറഞ്ഞതുതന്നെ തെററാണ്: അമേരിക്കൻ ഭൂഖണ്ഡത്തിൽ ചിതറിപ്പാർക്കുന്നവരായി എല്ലാംകൂടെ 10,000 ത്തോളം സുറിയാനിക്കാരെ ഉള്ളു. അവരിൽതന്നെ ഒരു നല്ല പങ്കു നെസ്തോറിയരാണ്. രണ്ടുകൂട്ടരും എണ്ണത്തിൽ തുച്ഛമായതുകൊണ്ടു വിശ്വാസവൈപരീത്യം വകവയ്ക്കാതെ ഒന്നുചേർന്നു നടക്കുകയാണ്.

റമ്പാൻ—നിനക്കു എവിടെ നിന്നാണ് ഈ അറിവു്. United States-ൽതന്നെ 30,000 ത്തോളം ഉണ്ടു്.

ഞാൻ—അ... ...പ്രസിദ്ധംചെയ്തിട്ടുള്ള പത്രങ്ങളിലും മാസികകളിലുംനിന്നു... ...ിപോയിട്ടുള്ളവരിൽ അധികപങ്കും ജോലി കിട്ട... ...United States ലായിരിക്കും കുടിയേറിപ... ...ജനസംഖ്യ റമ്പാച്ചൻ പറയുന്നതു ഒന്നു

റമ്പാൻ—ഞാൻ പറഞ്ഞതു ക്ലീമീസിൻെറ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തിയാണ അവിടെ നിന്നും മോറാനു റസീസാ കിട്ടിയിട്ടുണ്ട്.

ഞാൻ—ക്ലീമീസാരാണ്. ആ റിപ്പോർട്ട വല്ലയിടത്തും അച്ചടിപ്പിച്ചു പ്രസിദ്ധം ചെയ്തിട്ടുള്ളതാണൊ? അമ്മേരിക്കയിലെ സുറിയാനിക്കാരിൽ വല്ലവരിൽ നിന്നുമെല്ലാം അവക്കു ഇപ്പോഴത്തെ പാത്രിയക്കീസിനോട്ട് വ്യക്തിപരമായുള്ള സ്നേഹത്തിൻെറ ഫലമായി അവരോട്ടു ആവശ്യപ്പെട്ടിട്ടൊ ഒരു പക്ഷേൽ സ്വമേധയായൊ വല്ല സംഭാവനയും അദ്ദേഹത്തിനു അയച്ചുകൊടുത്തിട്ടുണ്ടെന്നു വന്നേക്കാം. അതു റസീസാ ആകുമൊ?

റമ്പാൻ—ക്ലീമീസു ശീമയിലെ ഒരു മെത്രാനാണ്. അദ്ദേഹത്തെ ഞങ്ങളുടെ ഇപ്പോഴത്തെ പാത്രിയക്കീസു അമേരിക്കയിലെ ജനങ്ങളുടെ (സുറിയാനിക്കാരുടെ) ആത്മീയമിഷ്ടതികൾ നടത്തി കൊടുക്കുവാനും ആവശ്യങ്ങളെപ്പററി അന്വേഷിച്ചറിഞ്ഞു റിപ്പോർട്ട ചെയ്യുവാനുമായിട്ട അയച്ചതാണ്.

ഞാൻ—ആ റിപ്പോർട്ട ഇതുവരെ വെളിച്ചം കണ്ടിട്ടില്ലാത്ത ഒന്നാകയാൽ അതു എനിക്കു സഹായകരമായിരിക്കുന്നില്ല.

റമ്പാൻ—നീ ഞാൻ പറയുന്നതു വിശ്വസിക്കുകയില്ലല്ലൊ. പിന്നെ എന്താണ പറയേണ്ടതു.

ഞാൻ—നിങ്ങൾ അച്ചടിപ്പിച്ചു പ്രസിദ്ധം ചെയ്തിട്ടുള്ളതൊ അന്യരാൽ പ്രസിദ്ധം ചെയ്തിട്ടുള്ളതൊ ആയ രേഖകളെ ആസ്പദമാക്കിപ്പറയുന്ന സംഗതികൾ ഞാൻ വിശ്വസിക്കാം. അങ്ങിനെ വല്ലതും ഉണ്ടെങ്കിൽ പറഞ്ഞുതരിക. ശീമയിലെ സഭയുടെ സ്ഥിതിഗതികൾ അറിഞ്ഞാൽ കൊള്ളാമെന്നുള്ള അത്യാഗ്രഹത്തിൽ നിങ്ങളുടെ പാത്രിയക്കീസിൻെറ മുഖപത്രമായി പ്രസിദ്ധം ചെയ്യുന്ന ഒരു മാസിക ഉണ്ടെന്നു "സന്ദേശം" വഴിഅറിഞ്ഞു അതു ഒന്നു അയപ്പിച്ചുതരുന്നതിനും മററു ചില സംഗതികളെപ്പററി അറിയിച്ചുതരുന്നതിനുമായി നിങ്ങളുടെ കഴിഞ്ഞ പാത്രിയക്കീസിൻെറയും ഇപ്പോഴത്തെ പാത്രിയക്കീസിൻെറയും പേക്കു പല എഴുത്തുകൾ അയച്ചിട്ടും അവ കിട്ടി എന്നുപോലും ആരും ഒരു രേഖ അയച്ചുതന്നിട്ടില്ല.

റമ്പാൻ—പാത്രിയക്കീസു നിനക്കു മറുപടി അയക്കുകയൊ? അദ്ദേഹത്തിൻെറ പദവിക്കു അതു യോജിച്ചതല്ലാത്തതിനാൽ മറുപടി അയക്കാതിരുന്നിട്ടുള്ളതാണ്. കൂടാതെ devils (ചെകിത്താന്മാർ) ആയുള്ള മറുകക്ഷികൾ ഇവിടെ ഉണ്ടെന്നുള്ളതിനാൽ അവർ ആ മറുപടി ദുരുപയോഗപ്പെടുത്തുവാൻ ഇടയുണ്ടെന്നും അദ്ദേഹത്തിനു അറിയാം.

ഞാൻ—"പൊങ്ങപ്പെട്ടവനും ഭാഗ്യവാനുമായ" അദ്ദേഹത്തിൻെറ സ്ഥിതിക്കു എന്നേപ്പോലുള്ളവക്കു ഒരു എഴുത്തയക്കുന്നതു ചേരുന്നതല്ലെന്നുള്ളപക്ഷം—അതും ഒന്നിലധികം എഴുത്തുകൾതുടരെ രജിസ്റ്റർചെയ്തും അല്ലാതെയും അയച്ചിട്ടുള്ള ഒരാൾക്കു—തൻെറ ബഹുലമാംസിൽ ബന്ധിവഗ്ഗത്തിൽപെട്ട ഏററവും താണപടിയിലുള്ളവനോട്ടു പറഞ്ഞു "കല്പനപടി" എന്തെങ്കിലും ഒരുമറുപടിഅയപ്പിക്കാമല്ലൊ. ചക്രവത്തിവരെയുള്ള ഏതു വലിയആളും അനുവത്തിച്ചുപോരുന്ന നയവുംഇതാണല്ലൊ. മറെറാരുവിധത്തിൽ—അതായതു പാപികളോടും ചുങ്കക്കാരോട്ടുംകൂടെധാരാളം ഇടപെട്ട് അവരോടുകൂടെ പന്തിഭോജനവുംനടത്തി നന്മയും ചെയ്തുനടന്ന നമ്മുടെരക്ഷകൻെറ കാണപ്പെടുന്നപ്രതിനിധിഎന്നു അവകാശപ്പെട്ടുപോരുന്നപാത്രിയക്കീസിനു സ്ഥിതിവ്യത്യാസം വിചാരിച്ചു ദിവ്യപ്രകാശത്തിനായി തൻെറ വാതുക്കൽ മുട്ടുന്ന ഒരു സത്യാന്വേഷിക്കു വാതിൽ തുറന്നുകൊടുക്കുകയില്ലെന്നോ? റമ്പാച്ചൻ പറയുന്ന ന്യായപ്രകാരം നിങ്ങൾക്കു അക്രൈസ്തവരോട്ടു സുവിശേഷം പ്രസംഗിക്കുവാനും പാടില്ലെന്നുവരുമല്ലൊ. ആടുകൾക്കു വേണ്ടി ജീവനെ വെടിഞ്ഞ രക്ഷിതാവിൻെറ കലവറക്കാരനായി ഘോഷിക്കപ്പെടുന്ന ഒരു വൈദീകനിൽ നിന്നും ഈ വിധ ന്യായങ്ങൾ കേൾക്കുവാൻ ഇടയായതിൽ അതിശയിക്കുന്നു. ഏതായാലും ഇനിയും നിങ്ങൾ ശീമക്കാക്കു മനസ്സിലായിട്ടില്ലെന്നു വിചാരിക്കപ്പെടാവുന്ന ഒന്നു രണ്ടു സംഗതികൾ കൂടെ ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ.

1) ഈ ഇരുപതാം നൂററാണ്ടിൽ നിങ്ങൾ പറയുന്നതെല്ലാം കണ്ണുമടച്ചുകൊണ്ടു വേദപ്രമാണംപോലെ സത്യമായി ഇവിടെയുള്ള [illegible] വിശ്വസിക്കുകയില്ല എന്നുധരിക്കണം. അവയിൽ മിക്കവയെപ്പററിയും ആവശ്യ [illegible] അറിവു സമ്പാദിക്കത്തക്കവണ്ണം കാനോനാകൾ, സഭാചരിത്രങ്ങൾ [illegible] രഹസ്യസ്വത്തായി വിചാരിക്കപ്പെട്ടിരുന്നവയെല്ലാം [illegible] ടെകൂടെ ഇംഗ്ലീഷിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെന്ന് [illegible] ള്ളവർ ഇന്നു ഇവിടെ ധാരാളം ഉണ്ടെന്നുള്ള [illegible]

2) സിറിയാ, പലസ്തീൻ മുതലായി നിങ്ങളുടെ ആളുകളും പാത്രിയർക്കീസും മററും താമസിക്കുന്ന രാജ്യങ്ങൾ ഇവിടെനിന്നും അനേകശതം മൈലുകൾ അകലെ എങ്കിലും, ഒരു കാലത്തു അവിടെ താമസിക്കുന്നതു മനുഷ്യർതന്നെയൊ, അതോ മാലാഖമാരൊ എന്നു അറിയാൻപാടില്ലാതെയും അവിടെ നടക്കുന്ന സംഭവങ്ങൾ കെട്ടുകഥകളോടുകൂടെ രൂപാന്തരപ്പെട്ടും അനേകം മാസങ്ങളൊ ചിലപ്പോൾ വർഷങ്ങൾപോലും കഴിഞ്ഞിട്ടൊ ആണു ഇവിടെ അറിയപ്പെട്ടിരുന്നതു് എന്നുള്ളതുമായി ഇന്നു ലോകസഞ്ചാരികൾ വഴിയായും പത്രറിപ്പോർട്ടറന്മാർ വഴിയായും വിമാനമാർഗ്ഗത്തിലൂടെയും ഏതൊരുണ്ട ദിവസേന എന്നവണ്ണം ലോകത്തിന്റെ നാനാഭാഗത്തും അറിയപ്പെടുന്നുണ്ടു എന്നുള്ള സംഗതിയും നല്ലതുപോലെ ധരിച്ചിരിക്കണം. ഉദാഹരണമായി, സുപ്രസിദ്ധനായ പത്രോസ് പാത്രിയർക്കീസുബാവായുടെ കാലത്തു കുർക്കുമദയറായിൽചെന്നു അദ്ദേഹത്തോടൊരുമിച്ച് ആറുമാസം താമസിച്ച ഒരു ഓക്സ്ഫോർഡ് സർവ്വകലാശാല ബിരുദധാരി ഇംഗ്ലണ്ടിൽ തിരിച്ചെത്തിയഉടൻ "Six month in a Syrian monastery" എന്ന പേരിൽ ഒരു പുസ്തകം പ്രസിദ്ധംചെയ്തിട്ടുള്ളതിൽനിന്നും ശീമയിലെ സുറിയാനിക്കാരുടെ സുവർണ്ണകാലങ്ങളിൽ ഒന്നായിരുന്ന അന്നത്തെ സുറിയാനിക്കാരെപ്പററിയും, അവർക്കു കുർദ്ദുകളിൽനിന്നും ഉണ്ടായികൊണ്ടിരിക്കുന്ന പീഡകൾ, പാത്രിയർക്കീസിന്റെ ദിനചര്യകൾ, അരമന കാര്യങ്ങൾ, വെള്ളിയാഴ്ചതോറും തുർക്കി ഉദ്യോഗസ്ഥന്മാരുടെ സൽക്കാരാർത്ഥം നടത്തപ്പെടുന്ന ഒരുക്കങ്ങൾ, മലങ്കരനിന്നും ആ സമയത്തു അവിടെ കിട്ടിയ സമ്മാനം, അന്നു എഴുത്തു കിട്ടുന്നതിനു വേണ്ടി വന്ന സമയം, എന്നിവയെല്ലാം അതുമൂലം ഒട്ടൊക്കെ അറിയാൻ സാധിക്കുന്നു. അതിനെ തുടർന്നു മാർ ഗീവറുഗീസ് ദീവന്നാസ്യോസു മെത്രാപ്പോലീത്താ തിരുമനസ്സിലെ ശീമയാത്ര വഴിയായും അതിനു ശേഷം കാമൽപാഷായുടെ ഭരണത്തിൻകീഴിൽ ഉണ്ടായ മതപീഡനംമൂലവും മററും ഏലിയാസു പാത്രിയർക്കീസു വേഷംമാറി ഇറാക്കിൽ വന്നു താമസമാക്കിയ വിവരവും മററും അന്നു ഇറാക്കിൽ ജോലിയായി താമസിച്ചിരുന്ന ഹൈന്ദവർ, ഇതരവകുപ്പുകാരായ ക്രിസ്ത്യാനികൾ മുതലായി തിരുവിതാംകൂറിൽ പലരിൽ നിന്നും പലവിവരങ്ങൾ മുമ്പെതന്നെ അറിഞ്ഞിട്ടുള്ളതാണ്. അവയുടെ പരിപോഷണാർത്ഥമാണു പാത്രിയർക്കീസിന്റെ വകയായി പ്രസിദ്ധം ചെയ്യുന്ന മാസികകൾ ആവശ്യപ്പെട്ടതു. റമ്പാച്ചൻ മേൽ പറഞ്ഞ നയം അനുസരിച്ചു അയച്ചില്ലെങ്കിൽ അതേ സമയ ത ന്ന അവിടെ മററു ചിലർക്കു ഞാൻ എഴുതിയിരുന്നതിന്റെ ഫലമായി അതിന്റെ ഒരു പ്രതിയു അചിരേണ എനിക്കു ലഭ്യമായി. അതുമൂലം നിങ്ങളുടെ അവിടത്തെ സഭയുടെ പേരു "സിറിയൻ ഓർതൊഡോക്സ് സഭ" എന്നാണെന്നും (യാക്കോബായ സഭ എന്നല്ല) ആ മാസിക തുടങ്ങിട്ടു അധികനാളാകുന്നതിനു മുമ്പുതന്നെ ആരും വരിസംഖ്യ ശരിക്കു അടച്ചുകൊടുക്കാഴികയാൽ അതു നിൎത്തുവാനിടയായതും മേലിൽ മുടങ്ങാതെ നടത്താൻ കണ്ടുപിടിച്ചിട്ടുള്ള ചില സമ്പ്രദായങ്ങളുടെ ഫലമായി പുനർജ്ജീവിപ്പിച്ചു പ്രസിദ്ധം ചെയ്യാൻ ഇടയായ വിവരവും, വാഴപ്പഴത്തിന്റെ ചരിത്രം, കൃഷി ചെയ്യുന്ന സമ്പ്രദായം മുതലായ വിവരങ്ങളും അറിയാൻ ഇടയായി. ഇങ്ങിനെയിരിക്കെ ഇപ്പോഴത്തെ കാതോലിക്കാബാവാ തിരുമനസ്സിലെ റോംസുയാത്ര വഴിയായി പരിഷ്കൃതാശയനായി അറിയപ്പെട്ടുപോരുന്ന മാർ അപ്രേം പാത്രിയർക്കീസിന്റെ അരമന, ജീവിതരീതി, ദിനചര്യകൾ എന്നിവയെല്ലാം സംബന്ധിച്ചുള്ള ചില അറിവുകൾ ലഭിക്കുന്നതിനു സൌകര്യം ലഭിച്ചു. അവയെപ്പററിപറഞ്ഞപ്പോൾ റമ്പാച്ചൻ അവ തങ്ങളുടെ പ്രതിപക്ഷക്കാരിൽ നിന്നുള്ളവയാകയാൽ അവ അതിശയോക്തിപരവും കുറെയെല്ലാം വ്യാജനിർമ്മിതവുമാണെന്നു പറയുകയാൽ ഒടുവിൽ അതു പോകട്ടെ "Christian East" എന്നു ഒരു പ്രസിദ്ധീകരണം (ത്രൈവാർഷിക) കണ്ടിട്ടുണ്ടോ എന്നു ഞാൻ ചോദിക്കയുണ്ടായി.

റമ്പാൻ—കണ്ടിട്ടുണ്ട്—ലണ്ടനിൽ നിന്നും Douglas പ്രസിദ്ധംചെയ്യുന്നതല്ലെ?

ഞാൻ—അതെ. മുമ്പെ ഞാൻ പറഞ്ഞ Dr Wigram മാർ അപ്രേം പാത്രിയർക്കീസിന്റെ "പട്ടംകൊട"യിൽ സംബന്ധിച്ചുംവച്ചു തിരികെ ഇംഗ്ലണ്ടിൽചെന്നു ഒരുലേഖനം അദ്ദേഹം അതിൽ പ്രസിദ്ധം ചെയ്തിട്ടുള്ളതു റമ്പാച്ചൻ വായിച്ചിട്ടുണ്ടോ?

റമ്പാൻ—അതു വായിച്ചി[illegible] പീച്ചസ്ക്കീനോസ് എന്നു വിളിക്കപ്പെടുന്ന ആൾ—"the so called [illegible] റഞ്ഞുകേട്ടിട്ടുണ്ട്. Dr Wigram കള്ളനാണ്. അവൻ [illegible] ന്റെ സഭയിൽ ചേരാൻ ക്ഷണിക്കാനായിട്ടു [illegible] ന്റെ ഫലമായി ഉള്ള കള്ളമെല്ലാം എഴുതി[illegible]

ഞാൻ— Dr Wigramനെപ്പററി അങ്ങിനെയല്ലല്ലൊ മുമ്പെ റമ്പാച്ചൻ പറഞ്ഞതു്— അദ്ദേഹം മോറാൻെറ വലിയ ഇഷ്ടനാണെന്നാണെല്ലാം പറഞ്ഞതു്.

റമ്പാൻ—ഞാൻ അങ്ങിനെ പറഞ്ഞിട്ടില്ല. ഞാൻ പറഞ്ഞതു് "ആവൻ പാത്രിയക്കീസിൻെറ ഇഷ്ടനാണൊന്നു തന്നത്താൻ പറഞ്ഞുകൊണ്ടു നടക്കുന്നവനാ"ണെന്നാണു മുമ്പെ പറഞ്ഞതു്.

ഞാൻ—അതുവളരെ നേരമ്പോക്കായിരിക്കുന്നു. (ശീമക്കാരുടെ ഏവംവിധ "ഉരുളിച്ച" ആദ്യമെതന്നെ കേൾവിക്കാരായി അവിടെയുണ്ടായിരുന്ന ഞങ്ങൾ എല്ലാവരും പ്രതീക്ഷിച്ചിരുന്നതും ആ വിവരം ഞങ്ങൾ റമ്പാച്ചനെ പ്രത്യേകം ധരിപ്പിക്കുകയും ചെയ്തു) ഏതായാലും ആ ലേഖനത്തിൽ അദ്ദേഹം പാത്രിയക്കീസു് മാർ അപ്രേമിൽനിന്നും കേട്ടറിഞ്ഞതായി രേഖപ്പെടുത്തിയിരിക്കുന്നതുപ്രകാരം പാത്രിയക്കീസുൾപ്പടെ അഞ്ചോൾ ശീമയിൽ അഞ്ചു മേല്പട്ടക്കാരെ ഉള്ളു എന്നും സഭാംഗങ്ങളുടെ ആകെ എണ്ണം (ഇറാക്കിലേതുൾപ്പടെ) 50,000 ത്തോളം വരുമെന്നു പറയപ്പെടുന്നു എങ്കിലും ലേഖനകത്താവിൻെറ അഭിപ്രായത്തിൽ ജനസംഖ്യ അൻപതിനായിരത്തിലും വളരെ കുറവായിരിക്കണമെന്നുമാണു്............"Even including those in Iraq, the number of the faithful of this church does not exceed 50,000 in, all, and may indeed be less. This does not include the Christians of Travancore who form a seperate question" (P. 123 Vol. XVII.) Dr Wigram റമ്പാച്ചൻ പറയുന്നതുപോലെയുള്ള ഒരാളല്ല അദ്ദേഹം ഇറാക്കു, മെസൊപ്പൊത്തേമിയാ എന്നീ പ്രദേശങ്ങളിൽ അനേക സംവത്സരങ്ങൾ മിഷ്യനറിയായി ജോലി ചെയ്തു താമസിച്ചിട്ടുള്ള ആളും തൻമൂലം പൌരസ്ത്യ സഭകളെപ്പററി പൊതുവെയും സുറിയാനിക്കാരെപ്പററി പ്രത്യേകിച്ചും നേരിട്ടു കണ്ടു പല അറിവുകളും സമ്പാദിച്ചിട്ടുള്ള ആളുമാണു. അവയെ ആസ്പദമാക്കി അദ്ദേഹം "Seperation of the Monophysites" എന്ന പേരിൽ സാമാന്യം വിജ്ഞാനപ്രദമായ ഒരു പുസ്തകം തന്നെയും പ്രസിദ്ധം ചെയ്തിട്ടുള്ള ആളാണു്. Christian East ലെ വിവാദലേഖനത്തെപ്പററിയൊ Dr Wigram നെപ്പററിയൊ വല്ലതും പറവാനുണ്ടെങ്കിൽ ഞങ്ങൾക്കാണു പറവാനുള്ളതു. അദ്ദേഹം പാത്രിയക്കീസിനെ ഒരു പക്ഷത്തിൻെറ നേതാവുമാത്രമാണെന്നുള്ള നില ശരിക്കു മനസ്സിലാകാതെ പാത്രിയക്കീസു പറഞ്ഞതിനെ വിശ്വസിച്ചിട്ടൊ, ഇപ്പോഴത്തെ ഇവിട[illegible]ത്ത തക്കത്തെപ്പററി വേണ്ടവണ്ണം മനസ്സിലായിട്ടില്ലാത്തതിനാലൊ പാത്രിയക്കീസു പറഞ്ഞതു തെററിധരിച്ചിട്ടൊ തൻെറ ലേഖനത്തിൻെറ ഒടുവിലത്തെ ഭാഗത്തു ചില പ്രമാദങ്ങൾ പററിപ്പോയിട്ടുണ്ടു്.

ഏതായാലും റമ്പാച്ചൻ ഒരു തുറന്ന മനസ്ഥിതിയോടു കൂടെ വത്തമാനം പറയുന്നില്ലാത്തതിനാൽ വത്തമാനം തുടരുന്നതുകൊണ്ടു യാതൊരു ഫലവുമുണ്ടാകാനില്ലാത്തതിനാൽ ഞങ്ങൾ പോകട്ടെ. റമ്പാച്ചൻ മുമ്പെ സമ്മതിച്ചിട്ടുള്ളതുപോലെ നിങ്ങളുടെ ശീമയിലെ മെത്രാന്മാരുടെ പേരും മേൽവിലാസവും അയച്ചുതന്നാൽ ഞങ്ങൾക്കു വേണ്ട അറിവുകളെയെല്ലാം എഴുത്തുകുത്തുമൂലം കണ്ടുപിടിച്ചുകൊള്ളാമെന്നും പറഞ്ഞു ഞങ്ങൾ യാത്രയായി.

മമ്മഭേദകമായ ദുഃഖവാത്ത

ഈ ലക്കത്തിനുള്ള മാറററ് പ്രസിൽ കൊടുത്തു അടിച്ചുതീരാറായപ്പോൾ മി. എം. ഏ. ചാക്കോ നിര്യാതനായ വിവരത്തിനു കോട്ടയത്തുനിന്നു ഞങ്ങൾക്കു കമ്പി കിട്ടിയതനുസരിച്ചു



വിവരം ഞങ്ങൾ ഉടൻതന്നെ ടൌണിലും മററു ആവശ്യപ്പെട്ട സ്ഥാനങ്ങളിലും അറിയിച്ചതിൻെറ ഫലമായി എം. ജി. എം. ഹൈസ്കൂൾമാനേജർ, അദ്ധ്യാപകന്മാർ, ഞങ്ങളുടെ പ്രതിനിധി മുതലായി സ്ഥലത്തുനിന്നും സ്പെഷ്യൽകാറിലും ബസുകളിലുമായി തങ്ങൾക്കു പരേതനോടുള്ള ഭക്ത്യാദരബഹുമാനങ്ങളെ പ്രകടിപ്പിക്കുവാനും തൻെറ വിശ്വസ്തലഫ്റെനൻറായിനിന്നു പ്രവത്തിച്ചുപോന്ന ഈ വീരയോദ്ധാവിൻെറ പെട്ടെന്നുള്ള മരണംമൂലം സന്തപ്തനായിതീന്നിരിക്കുന്ന വയോവൃദ്ധനും നമ്മുടെ പരിശുദ്ധ പിതാവുമായ[illegible]വാ തിരുമനസ്സിലെ മനസമാധാനത്തി[illegible]വളരെപ്പേർ കോട്ടയത്തിനു [illegible]വിനുവേണ്ടി ഞങ്ങൾ [illegible]മന്യ വായന[illegible]ദിക്കുകയും

Refer (?) Kottayam

Reg. No. T. 139. / M. 4377. License No. 357. Dated 24—4—'37

The Orthodox Church

An Anglo—Vernacular monthly
organ of the Malankara Orthodox Syrian Church.

ഞങ്ങളുടെ അഭ്യുദയകാംക്ഷികളുടെ

സത്വര ശ്രദ്ധയ്ക്ക്.

വരിസംഖ്യ (മുൻകൂർ)

	ബ്രി. രൂ.	ച.	കാ
അഞ്ചൽമാർഗ്ഗം വേണ്ടവർക്ക് (ഒരുവർഷത്തേക്ക്)	1	14	4
ടി (ആറുമാസത്തേക്ക്)	0	21	6
തപാൽമാർഗ്ഗം വേണ്ടവർക്ക് (ഒരു വർഷത്തേക്ക്)	2	0	0
ടി (ആറുമാസത്തേക്കു)	1	0	0

N B ബ്രിട്ടീഷ് ഇൻഡ്യാ, സിലോൺ, എന്നീ രാജ്യങ്ങൾക്ക് പുറമെ താമസക്കാർ ഒരാണ്ടത്തേക്ക് ബ്രി. രൂ 2 ണ 8-ം, ആറുമാസത്തേക്ക് ബ്രി. രൂ. 1 ണ 4-ംവീതം അയച്ചുതരണം. ആറുമാസത്തിൽ കുറഞ്ഞ കാലത്തേക്ക് ആരെയും വരിക്കാരായി സ്വീകരിക്കുന്നതല്ലാ.

ഈ നിരക്ക്, ഞങ്ങളുടെ മുൻലക്കത്തിലെ പ്രസ്താവന അനുസരിച്ച് ഇനിയും കുടിശിക തീർത്തടച്ചിട്ടില്ലാത്തവർക്ക് ആയത് അടച്ചുതീർക്കുവാൻ ഇപ്പോൾ വിശേഷാൽ അനുവദിക്കുന്നപ്രകാരം കന്നി 20-ാംനു-ക്കകം ആയതും 117-ലെ ആദ്യ അർദ്ധവർഷത്തേക്കുള്ള വരിസംഖ്യയും അടച്ചുതരുന്ന പഴയതും പുതിയതുമായ എല്ലാ വരിക്കാർക്കും അനുവദിക്കുന്നതാണ്. . അതിനുശേഷം വരിക്കാരായി ചേരുന്ന എല്ലാ വരിക്കാരും ആണ്ടുവരം [correction above: റമ്പം] നാലണ കൂടുതൽ കണക്കിനു—അതായതു്, അഞ്ചൽമാർഗ്ഗം വേണ്ടവർ ബ്രി. രൂ. 1 21 ച. 6 കാശും, തപാൽമാർഗ്ഗം വേണ്ടവർ ബ്രി രൂ 2 ണ. 4-ം വീതവും, ഇൻഡ്യാ, സിലോൺ എന്നിവയുടെ വെളിയിൽ താമസക്കാർ ബ്രി. രൂ. 2 12 ണ.കണക്കിനും—അയച്ചുതരേണ്ടതാണ്. ആണ്ടിൽ രണ്ടു തവണയായി പണമടയ്ക്കുന്നവർ മേല്പറഞ്ഞ തുകയുടെ പകുതിവീതം അയക്കേണ്ടതാണ്.

വരിസംഖ്യ—ആരംഭംമുതൽ സ്ഥിരമായി വി. പി. മൂലം പണം അടച്ചുതന്നുകൊണ്ടിരിക്കുന്നവർ ഒഴിച്ച്—എല്ലാവരും മുമ്പേറു് അടയ്ക്കേണമെന്നുള്ളതു നിർബന്ധമാണ്. ഓരോരുത്തരും അടച്ച വരിസംഖ്യ തീരുന്ന വിവരം അതാതു സമയത്ത് അറിയിക്കുന്നതും അതിനുശേഷം അടുത്ത ലക്കം പുറപ്പെടുന്നതിനുമുമ്പായി പണം ഇവിടെ എത്തിച്ചുതരാത്തവർക്ക് പണം കിട്ടുന്നതുവരെ മാസിക അയയ്ക്കുന്നതല്ലാത്തതുമാകുന്നു. മാസികയുടെ അഭ്യുദയകാംക്ഷികളായ ഏവരും ഈ നിബന്ധന അനുസരിച്ച് ഇപ്പോഴത്തെ [illegible] കടലാസുവില നിലവിലിരിക്കുന്ന കാലത്തോളം ഞങ്ങളോടു സഹകരിച്ചു പ്രവർത്തിക്കുമെന്നും അങ്ങിനെയായാൽ ഞങ്ങൾ പ്രതീക്ഷിക്കുന്നതുപോലെയും നിങ്ങൾ ആഗ്രഹിക്കുന്ന[illegible] [illegible] രേലിൽ [illegible]താതു മാസംതന്നെ പ്രസിദ്ധംചെയ്യാൻ [illegible] —മാനേജർ.

[illegible] Jacob at the [illegible]
[illegible]ruvalla.